പതിനഞ്ചാം കേരള നിയമസഭ

# സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2023–2026)

## ഇരുപത്തൊന്നാമത് റിപ്പോർട്ട്

(2026 ഫെബ്രുവരി മാസം 3–ാം തീയതി സഭയിൽ സമർപ്പിച്ചത്)

[സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2019-21) യുടെ പതിനെട്ടാമത് റിപ്പോർട്ടിന്മേലുള്ള (കുട്ടികളുടെ സുരക്ഷ സംബന്ധിച്ച പ്രത്യേക റിപ്പോർട്ട്) ആക്ഷൻ ടേക്കൺ റിപ്പോർട്ട്]

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2026

**പതിനഞ്ചാം കേരള നിയമസഭ**

# സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2023-26)

## ഇരുപത്തൊന്നാമത് റിപ്പോർട്ട്

(2026 ഫെബ്രുവരി മാസം 3-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2019-21) യുടെ പതിനെട്ടാമത് റിപ്പോർട്ടിന്മേലുള്ള (കുട്ടികളുടെ സുരക്ഷ സംബന്ധിച്ച പ്രത്യേക റിപ്പോർട്ട്) ആക്ഷൻ ടേക്കൺ റിപ്പോർട്ട്]**

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| ആമുഖം | .. | vii |
| റിപ്പോർട്ട് | .. | 1 |
| ഭാഗം I ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ (സമിതി അംഗീകരിച്ചവ) | .. | |
| ഭാഗം II സമിതിയുടെ ശിപാർശ, സമിതി ആവശ്യപ്പെട്ട അധികവിവരം എന്നിവയിന്മേൽ നടപടി റിപ്പോർട്ട് ലഭ്യമാക്കാനുള്ളവ സംബന്ധിച്ച വിശദാംശം | | .. |
| അനുബന്ധം | .. | |

## സമിതിയുടെ ഘടന

**ചെയർപേഴ്സൺ:**

ശ്രീമതി യു. പ്രതിഭ

**അംഗങ്ങൾ :**

ശ്രീമതി ഒ. എസ്. അംബിക

ശ്രീമതി സി. കെ. ആശ

ശ്രീമതി ദെലീമ

ശ്രീമതി കാനത്തിൽ ജമീല*

ഡോ. എം. കെ. മുനീർ

ശ്രീമതി ശാന്തകുമാരി കെ.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ

ശ്രീമതി ഉമ തോമസ്

**നിയമസഭാ സെക്രട്ടേറിയറ്റ് :**

ഡോ. എൻ. കൃഷ്ണ കുമാർ, സെക്രട്ടറി

ശ്രീ. ത്രിദീപ് കെ.ജി., അഡീഷണൽ സെക്രട്ടറി

ശ്രീമതി പ്രീത കെ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ഷിഹാബുദീൻ എം., അണ്ടർ സെക്രട്ടറി

ശ്രീമതി ബിന്ദു എസ്., അണ്ടർ സെക്രട്ടറി

* 2025 നവംബർ മാസം 29-ന് അന്തരിച്ചു.

## ആമുഖം

സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ ചെയർപേഴ്സണായ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച്, സമിതിയുടെ ഇരുപത്തൊന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

കേരള നിയമസഭയുടെ സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2019-2021)യുടെ പതിനെട്ടാമത് റിപ്പോർട്ട് (കുട്ടികളുടെ സുരക്ഷ സംബന്ധിച്ച പ്രത്യേക റിപ്പോർട്ട്) 18.01.2021-ൽ സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളും അവയിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളും ഉൾക്കൊള്ളിച്ച് തയ്യാറാക്കിയിട്ടുള്ളതാണ് ഈ റിപ്പോർട്ട്.

2026 ജനുവരി മാസം 29-ാം തീയതി ചേർന്ന സമിതിയോഗത്തിൽ ഈ റിപ്പോർട്ട് അംഗീകരിച്ചു.

യു. പ്രതിഭ,
ചെയർപേഴ്സൺ,
സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും
കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും
ക്ഷേമം സംബന്ധിച്ച സമിതി.

തിരുവനന്തപുരം
2026 ഫെബ്രുവരി 3.

# റിപ്പോർട്ട്

കേരള നിയമസഭയുടെ സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2019-21)യുടെ പതിനെട്ടാമത് റിപ്പോർട്ട്(കുട്ടികളുടെ സുരക്ഷ സംബന്ധിച്ച്) 2021 ജനുവരി മാസം 18-ാം തീയതി സഭയിൽ സമർപ്പിച്ചു.

സമൂഹത്തിന്റെ ഭാവി വാഗ്ദാനങ്ങളായ കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങളും ചൂഷണങ്ങളും വർദ്ധിച്ചുവരുന്ന സാഹചര്യം കണക്കിലെടുത്ത്, സംസ്ഥാനത്തെ കുട്ടികൾ നേരിടുന്ന സുരക്ഷാ പ്രശ്നങ്ങളെ സംബന്ധിച്ച് വിശദമായ പഠനം നടത്തുകയും വിവിധ വകുപ്പുകൾ സ്വീകരിച്ചിട്ടുള്ള നടപടികൾ പരിശോധിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ, സമൂഹത്തിനുണ്ടാകുന്ന മൂല്യച്യുതി മൂലം ഉടലെടുക്കുന്ന ഇത്തരം പ്രശ്നങ്ങൾക്ക് തടയിടുന്നതിനുവേണ്ടി സർക്കാരിന് ആവശ്യമായ നിർദ്ദേശങ്ങളും ശിപാർശകളും നൽകുന്നതിനായി തയ്യാറാക്കിയതാണ് പ്രസ്തുത സമിതി റിപ്പോർട്ട്. ടി റിപ്പോർട്ടിൽ കുട്ടികളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി മുപ്പത്തിയെട്ട് ശിപാർശകളാണ് സർക്കാരിന്റെ വിവിധ വകുപ്പുകൾക്കായി ഉൾപ്പെടുത്തിയിരുന്നത്.

സമിതി (2019-21)യുടെ പതിനെട്ടാമത് റിപ്പോർട്ട്, അതിലെ ശിപാർശകളിന്മേൽ അനന്തര നടപടികൾ സ്വീകരിച്ച് സമിതിക്ക് നടപടി സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുന്നതിനായി 2021 ഫെബ്രുവരി മാസം 25-ാം തീയതി ബന്ധപ്പെട്ട വകുപ്പുകൾക്ക് അയച്ചുകൊടുത്തിരുന്നു.

പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളും അവ സംബന്ധിച്ച് സർക്കാർ സ്വീകരിച്ച നടപടികളും അടങ്ങുന്ന ഈ റിപ്പോർട്ട് രണ്ട് ഭാഗങ്ങളായാണ് തയ്യാറാക്കിയിരിക്കുന്നത്. ഒന്നാം ഭാഗത്തിൽ സമിതി (2019-21)യുടെ പതിനെട്ടാമത് റിപ്പോർട്ടിലെ (കുട്ടികളുടെ സുരക്ഷ സംബന്ധിച്ച്) ശിപാർശകൾ, അവയിന്മേൽ സമിതി സർക്കാരിൽ നിന്നും ആവശ്യപ്പെട്ട നടപടി സ്റ്റേറ്റ്മെന്റുകൾ, അധികവിവര റിപ്പോർട്ടുകൾ എന്നിവയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ചതും സമിതി അംഗീകരിച്ചതുമായ മറുപടികൾ എന്നിവ ഉൾപ്പെടുത്തിയിരിക്കുന്നു. രണ്ടാം ഭാഗത്തിൽ സർക്കാരിൽ നിന്നും നടപടി റിപ്പോർട്ട് ലഭിക്കാത്ത ശിപാർശകളും, അധികവിവരങ്ങളും ബന്ധപ്പെട്ട വകുപ്പുകളുടെ പേരുവിവരങ്ങൾ സഹിതം ഉൾപ്പെടുത്തിയിരിക്കുന്നു.

## <u>ഭാഗം - I</u>

## <u>ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ</u>

## <u>(സമിതി അംഗീകരിച്ചവ)</u>

| ക്രമ നമ്പർ | ഖണ്ഡിക | ശിപാർശ | സ്വീകരിച്ച നടപടി |
|---|---|---|---|
| 1. | 7 | തങ്ങൾക്ക് നേരിടേണ്ടിവരുന്ന മോശം പെരുമാറ്റം സംബന്ധിച്ച് കുട്ടികൾ വെളിപ്പെടുത്തിയാൽപ്പോലും സ്കൂളിന്റെ സൽപ്പേരിന് കളങ്കം വരുമെന്ന ഭയത്താൽ അദ്ധ്യാപകരും സ്കൂൾ അധികൃതരും പലപ്പോഴും അവ റിപ്പോർട്ട് ചെയ്യാതെ ഒതുക്കിതീർക്കുവാൻ ശ്രമിക്കുന്നുണ്ടെന്ന് നിരീക്ഷിച്ച സമിതി, ഇക്കാര്യത്തിൽ അദ്ധ്യാപകരക്ഷാകർതൃ സംഘടനകളെ ബോധവൽക്കരിക്കണമെന്നും ഇത്തരം കാര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ കേസെടുക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നും ഇത്തരം കാര്യങ്ങളിൽ സ്കൂൾ കൗൺസിലർമാർ കൂടുതൽ ജാഗ്രതയുള്ളവരായിരി ക്കണമെന്നും നിർദ്ദേശിക്കുന്നു. കുട്ടികളുടെ മാനസിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സ്കൂൾ കൗൺസിലർമാരുടെ സേവനം ആവശ്യാനുസരണം ലഭ്യമാക്കത്തക്കവിധം ഏറ്റവും കുറഞ്ഞത് ആഴ്ചയിൽ ഒരു | **പൊതുവിദ്യാഭ്യാസ (ഡി) വകുപ്പ്**<br><br>**12.09.2023-ലെ പൊ.വി.വ-ഡി2/181/ 2022/പൊ.വി.വ. നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ നടപടി റിപ്പോർട്ട്.**<br><br>സാമൂഹ്യനീതി വകുപ്പിന്റെയും സമഗ്ര ശിക്ഷാ കേരളയുടെയും ആഭിമുഖ്യത്തിൽ എല്ലാ വിദ്യാലയങ്ങളിലും സ്കൂൾ കൗൺസിലർമാരുടെ സേവനം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പോലീസ്, എക്സൈസ്, ആരോഗ്യ വകുപ്പ് എന്നിവയുടെ സംയുക്തമായ സേവനവും ലഭ്യമാകുന്നുണ്ട്. എല്ലാ വിദ്യാലയങ്ങളിലും Drop Box/ പരാതിപ്പെട്ടി സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം വിദ്യാഭ്യാസ വകുപ്പ് എല്ലാ സ്കൂളുകൾക്കും നൽകിയിട്ടുണ്ട്. ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും കുട്ടികളുടെ വിവിധ മാനസിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. വിദ്യാലയത്തിലെ പ്രഥമാധ്യാപകനും തെരഞ്ഞെടുക്കപ്പെട്ട ഒരു അദ്ധ്യാപകനും ഇതുമായി ബന്ധപ്പെട്ട് പരിശീലനം നൽകുന്നുണ്ട്. |

| | | | |
|---|---|---|---|
| | | ദിവസമെങ്കിലും ഓരോ സ്കൂളിലും ഇവരുടെ സേവനം ലഭ്യമായിരിക്കണമെന്നും ഇക്കാര്യത്തിന്മേൽ നിലവിലുള്ള സംവിധാനം കൂടുതൽ മെച്ചപ്പെടുത്തണമെന്നും നിലവിലുള്ള അദ്ധ്യാപകർക്ക് ഈ വിഷയത്തിൽ പരിശീലനം നൽകുന്ന കാര്യം പരിഗണിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | **18.01.2024-ലെ സമിതി യോഗം അംഗീകരിച്ചു.** |
| **2.** | **11** | മദ്യത്തിനും മറ്റ് ലഹരിവസ്തുക്കൾക്കും അടിമപ്പെട്ട വ്യക്തികളുള്ള വീടുകളിലെ കുട്ടികൾ അങ്ങേയറ്റം അരക്ഷിതാവസ്ഥയിലാണ് കഴിയുന്നതെന്ന് സമിതി നിരീക്ഷിക്കുന്നു. ഇത്തരം ഭവനങ്ങളിലെ കുട്ടികളെപ്പറ്റി സാമൂഹ്യനീതി വകുപ്പ്, വിദ്യാഭ്യാസ, എക്സൈസ് വകുപ്പുകളുമായി ചേർന്ന് ഒരു പഠനം നടത്തണമെന്നും ലഹരി വസ്തുക്കൾക്ക് അടിമപ്പെട്ടവരെ സാധാരണ ജീവിതത്തിലേയ്ക്ക് മടക്കിക്കൊണ്ടുവരുന്നതിനും അതു വഴി പ്രസ്തുത വിഭാഗത്തിൽപ്പെടുന്ന കുട്ടികളുടെ സംരക്ഷണം ഉറപ്പുവരുത്തുന്നതിനും നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | **നികുതി (ജി) വകുപ്പ്**<br><br>**21.03.2022-ലെ 77/ജി2/2021/നി.വ. നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട്**<br><br>ലഹരിക്കടിമപ്പെട്ടവരെ സാധാരണ ജീവിതത്തിലേക്ക് മടക്കിക്കൊണ്ടു വരുന്നതിന് വിമുക്തി മിഷന്റെ ആഭിമുഖ്യത്തിൽ വിവിധ പ്രവർത്തനങ്ങൾ എക്സൈസ് വകുപ്പ് നടത്തിവരുന്നുണ്ട്. ഇതിന്റെ ഭാഗമായി ആരോഗ്യ വകുപ്പുമായി സഹകരിച്ചുകൊണ്ട് സംസ്ഥാനത്തെ 14 ജില്ലകളിലും ആരംഭിച്ച വിമുക്തി ഡീ-അഡിക്ഷൻ സെന്ററുകളിൽ ലഹരിക്കടിമപ്പെട്ടവർക്ക് വിദഗ്ധ ചികിത്സ നൽകുന്നതിനും ലഹരിക്കടിമപ്പെട്ടവർക്കും കുടുംബാംഗങ്ങൾക്കും കൗൺസലിംഗ് നൽകുന്നതിനുമുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.<br><br>ഇതിന് പുറമേ, തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിൽ പ്രവർത്തിക്കുന്ന 3 മേഖലാ കൗൺസലിംഗ് സെന്ററുകളിൽ ലഹരിക്കടിമപ്പെട്ടവർക്കും കുട്ടികൾക്കും |

| | | | |
|---|---|---|---|
| | | | നേരിട്ടും ടെലഫോൺ മുഖേനയും കൗൺസലിംഗ് നൽകുന്നുണ്ട്. ഇതിനായി 14405 എന്ന ടോൾ ഫ്രീ നമ്പർ ഏർപ്പെടുത്തിയിട്ടുണ്ട്.<br>ലഹരിക്കടിമപ്പെടുന്ന സ്ത്രീകൾക്കും കുട്ടികൾക്കുമുള്ള ചികിത്സക്കായി തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ ഡീ-അഡിഷൻ സെന്റർ പ്രവർത്തനം ആരംഭിച്ചിട്ടുള്ള താണ്. ലഹരിക്കടിമപ്പെട്ടവർക്ക് ചികിത്സ നൽകിയശേഷം അവരെ പുനരധിവസി പ്പിക്കുന്നതിനായി പുനരധിവാസ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്.<br><br>സ്കൂൾ കുട്ടികൾക്കിടയിലെ ലഹരി ഉപയോഗം തടയുന്നതിനായി സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് peer education training programme. ടി ട്രെയിനിംഗ് പ്രോഗ്രാം പൂർത്തീകരിച്ച വിദ്യാർത്ഥികളുടെ സേവനം സ്കൂൾ തലത്തിൽ ലഹരിക്കെതിരെയുള്ള പ്രവർത്തനങ്ങൾ ക്കായി എക്സൈസ് വകുപ്പ് ഉപയോഗിക്കുന്നുണ്ട്. മദ്യത്തിനും മറ്റു ലഹരി വസ്തുക്കൾക്കും അടിമപ്പെട്ട വ്യക്തികളുള്ള ഭവനങ്ങളിലെ കുട്ടികളെ പറ്റി സംയോജിത പഠനം നടത്തുന്നതിനായി സാമൂഹ്യനീതി വകുപ്പ്, വനിത ശിശു വികസന വകുപ്പ് എന്നിവരെ സമീപിച്ചിട്ടുള്ളതാണ്.<br><br>നിലവിൽ സംസ്ഥാനത്ത് 21 വയസ്സിൽ താഴെ പ്രായമുള്ളവരുടെ ലഹരി ഉപയോഗം സംബന്ധിച്ച് എക്സൈസ് |

| | | | |
|---|---|---|---|
| | | | വകുപ്പ് ഒരു പ്രാഥമിക സർവ്വേ നടത്തിയിട്ടുണ്ട്. 21 വയസ്സിൽ താഴെ പ്രായമുള്ളവർ ലഹരി ഉപയോഗ സാധ്യത യിലേക്കെത്തുന്നതിന്റെ കാരണങ്ങൾ വിലയിരുത്തുന്നതിനും അതിനനുസരിച്ച് ലഹരിക്കെതിരെയുള്ള പ്രതിരോധ നടപടികൾ സ്വീകരിക്കുന്നതിനുമായാണ് ഈ സർവ്വേ നടത്തിയിട്ടുള്ളത്. ഈ സർവ്വേയിൽ നിന്നും ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ കൗമാര-പ്രായക്കാരുടെ ഇടയിലെ ലഹരി ഉപയോഗം ഇല്ലാതാക്കുന്നതിന് വിദ്യാഭ്യാസം, സാമൂഹ്യനീതി, ആരോഗ്യ വകുപ്പുകളുമായി ചേർന്ന് നടപ്പിലാക്കാവുന്ന പ്രവർത്തനങ്ങൾ ക്രോഡീകരിച്ച് വരികയാണ്. ലഹരി വസ്തുക്കൾക്ക് അടിമപ്പെട്ടവരെ സാധാരണ ജീവിതത്തിലേക്ക് മടക്കി കൊണ്ടുവന്ന് അതു വഴി പ്രസ്തുത വിഭാഗത്തിൽപ്പെടുന്ന കുട്ടികളുടെ സംരക്ഷണം ഉറപ്പു വരുത്തുന്നതിനുള്ള എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്.<br><br>**27.12.2022-ലെ സമിതിയോഗം പരിഗണിക്കുകയും അധികവിവരം ആവശ്യപ്പെടുകയും ചെയ്തു.** |
| | | <u>സമിതി ആവശ്യപ്പെട്ട അധിക വിവരം</u><br><br>ശിപാർശിയിന്മേൽ നികുതി (ജി) വകുപ്പ് ലഭ്യമാക്കിയ ടി റിപ്പോർട്ട് വിഷയം സംബന്ധിച്ച് വകുപ്പ് സ്വീകരിച്ച നടപടികളുടെ നിലവിലെ സ്ഥിതി. | **നികുതി (ജി) വകുപ്പ്**<br><br>**04.07.2023-ലെ G2/65/2023-TD നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ അധിക വിവര റിപ്പോർട്ട്.**<br><br>കോഴിക്കോട് ഡീ-അഡിക്ഷൻ സെന്ററിന്റെ പ്രവർത്തനം 2023 മാർച്ച് 30-ന് ആരംഭിച്ചിട്ടുണ്ട്. എറണാകുളം ജില്ലയിൽ തൃപ്പൂണിത്തുറ താലൂക്ക് |

| | | | |
|---|---|---|---|
| | | | ആശുപത്രിയിൽ സ്ത്രീകളുടെയും കുട്ടികളുടെയും ഡീ-അഡീക്ഷൻ സെന്റർ തയ്യാർ ചെയ്യുന്നതിനായി നവീകരണ/നിർമ്മാണ പ്രവൃത്തികൾ നടന്ന് വരികയാണ്.<br><br>ലഹരിക്കടിമപ്പെട്ടവർക്ക് ചികിത്സ നൽകുന്നതോടൊപ്പം അവരെ പുനരധിവസിപ്പിക്കുന്നതിനായി ഇടുക്കി, കണ്ണൂർ, തിരുവനന്തപുരം എന്നീ ജില്ലകളിൽ പുനരധിവാസകേന്ദ്രം നിർമ്മിക്കുന്നതിനായുള്ള ഭൂമി കണ്ടെത്തിയിട്ടുണ്ട്. ആയതിന്റെ അനുയോജ്യത പരിശോധിച്ച് വരുന്നു.<br><br>സ്കൂൾ കുട്ടികൾക്കിടയിലെ ലഹരി ഉപയോഗം തടയുന്നതിനായി കുട്ടികളിൽ ലഹരി വസ്തുക്കൾ ഉപയോഗിക്കുന്നു എന്ന് സംശയിക്കുന്നവരെ അധ്യാപകരുടെ സഹായത്തോടെ കണ്ടെത്തി നടപടി സ്വീകരിക്കുന്നതിനായി 'നേർവഴി' എന്ന പദ്ധതി സ്കൂളുകളിൽ ആരംഭിച്ചിട്ടുണ്ട്. ലഹരി ഉപയോഗം സംബന്ധിച്ച് ലഭിക്കുന്ന വിവരങ്ങൾ രഹസ്യമായി അറിയിക്കുന്നതിനായി 24 മണിക്കൂറും പ്രവർത്തിക്കുന്ന 9656178000 എന്ന ഫോൺ നമ്പർ എക്സൈസ് ഹെഡ് ക്വാർട്ടേഴ്സിൽ സജ്ജീകരിച്ചിട്ടുണ്ട്. 2022-23 അധ്യയന വർഷത്തിൽ 53 പരാതികൾ ഇത്തരത്തിൽ ലഭിക്കുകയും, ടി കുട്ടികൾക്ക് വേണ്ട കൗൺസിലിംഗും തുടർ നിരീക്ഷണവും നടത്തുകയും ചെയ്തിട്ടുണ്ട്.<br><br>**18.01.2024-ലെ സമിതിയോഗം അംഗീകരിച്ചു.** |

| | | | |
|---|---|---|---|
| | | | **വനിത ശിശുവികസന (സി) വകുപ്പ്** <br><br> **19.03.2024-ലെ WCD-C3/289/2022-WCD നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട്** <br><br> സംസ്ഥാനത്ത് വിഷമകരമായ സാഹചര്യങ്ങളിൽ ജീവിക്കുന്ന കുട്ടികളുടെ വിവരശേഖരണത്തി നായി വൾനറബിലിറ്റി മാപ്പിംഗ് സർവേ നടത്തുന്നതുമായി ബന്ധപ്പെട്ട് ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ച് വരുന്നു. <br><br> **24.07.2024-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.** |
| **3.** | **13** | വീടുകളിൽ കുഞ്ഞുങ്ങൾ ക്രൂരമർദ്ദനത്തിനിരയാകുന്ന ഭൂരിപക്ഷം കേസുകളിലും രണ്ടാനമ്മയുടെയോ, രണ്ടാനച്ഛന്റെയോ, അമ്മയുടെ സുഹൃത്തെന്ന് പറയപ്പെടുന്ന വ്യക്തികളുടെയോ സാന്നിദ്ധ്യം പ്രകടമാണ്. വിവാഹ മോചിതരായവരുടെയും വേർപിരിഞ്ഞ് ജീവിക്കുന്ന ദമ്പതികളുടെയും കുഞ്ഞുങ്ങൾ കടുത്ത മാനസിക സമ്മർദ്ദത്തിലും അരക്ഷിതാവസ്ഥയിലുമാണ് കഴിയുന്നത്. ഇത്തരം കേസുകൾ സംബന്ധിച്ച് കൃത്യമായ വിവരങ്ങൾ വനിത ശിശുവികസന വകുപ്പ് ശേഖരിക്കണമെന്നും ശിഥിലമായ കുടുംബബന്ധങ്ങൾമൂലം ഒരു കുഞ്ഞും | **വനിത ശിശുവികസന (സി) വകുപ്പ്** <br><br> **09.01.2024-ലെ WCD-C3/289/2022-WCD നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട്.** <br><br> ശിഥിലമായ കുടുംബബന്ധങ്ങൾ ഉൾപ്പെടെ കുട്ടികളെ ദോഷകരമായി ബാധിക്കുന്ന കാര്യങ്ങളിൽ നിന്നും കുട്ടികൾക്ക് മോചനം ലഭിക്കുന്നതിനും മാതാപിതാക്കൾക്ക് ഉത്തരവാദിത്വ രക്ഷാകർത്തൃത്വം നൽകുന്നതിനുമായി വകുപ്പിന്റെ നേതൃത്വത്തിൽ 2020 മുതൽ പാരന്റിംഗ് ക്യാമ്പയിനുകൾ ആരംഭിയ്ക്കുകയും ആയതിന്റെ ഭാഗമായി വെബിനാറുകൾ സംഘടിപ്പിക്കുകയും ചെയ്തിരുന്നു. പാരന്റിംഗ് വിഷയത്തിൽ മാതാപിതാക്കൾക്ക് ഉചിത മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിനും അവരിൽ ഉത്തരവാദിത്വ രക്ഷാകർത്തൃത്വം |

| | | | |
|---|---|---|---|
| | | അരക്ഷിതാവസ്ഥയിലാകാതിരിക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. | വളർത്തുന്നതിനുമായി സംസ്ഥാനത്തെ 152 ബ്ലോക്കുകളിലും 6 കോർപ്പറേഷനുകളിലും പാരന്റിംഗ് ക്ലിനിക്കുകൾ ആരംഭിക്കുകയും നിരന്തരമായ സേവനങ്ങൾ നൽകിവരികയും ചെയ്യുന്നുണ്ട്. കൂടാതെ പാരന്റിംഗ് ക്ലിനിക്കുകളുടെ മേൽനോട്ടത്തിൽ പഞ്ചായത്ത് തല ഔട്ട്റിച്ച് ക്യാമ്പുകളും സംഘടിപ്പിച്ച് വരുന്നു. വിവിധ തരത്തിലുള്ള വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കും, മാനസിക പിന്തുണയും മാർഗ്ഗനിർദ്ദേശങ്ങളും ആവശ്യമായ മാതാപിതാക്കൾക്കുമുള്ള വിദഗ്ധ പരിചരണം നൽകുന്നതിനായി ഓരോ ജില്ലയിലും ജില്ലാ റിസോഴ്സ് സെന്ററുകൾ സജ്ജീകരിച്ചിട്ടുണ്ട്. പ്രസ്തുത റിസോഴ്സ് സെന്ററുകളിൽ സൈക്കോളജിസ്റ്റ്, സൈക്യാട്രിസ്റ്റ് എന്നിവരുടെ സേവനം സൗജന്യമായി നൽകി വരുന്നു.<br><br>**24.07.2024-ലെ സമിതി യോഗം അംഗീകരിച്ചു.** |
| **4.** | **15** | നിലവിലുള്ള സാമൂഹ്യ വ്യവസ്ഥിതിയിൽ ഉണ്ടായി-ക്കൊണ്ടിരിക്കുന്ന മാറ്റം കുഞ്ഞുങ്ങളുടെ സുരക്ഷിതത്വത്തെയും സ്വഭാവ രൂപീകരണത്തെയും ദോഷകരമായി ബാധിച്ചിട്ടുള്ളതായി കാണാം. മുലപ്പാൽ ശ്വാസകോശത്തിൽ കുടുങ്ങി മരിക്കുന്ന കുഞ്ഞുങ്ങളെയും ബക്കറ്റിലെ വെള്ളത്തിൽ മുങ്ങിമരിക്കുന്ന കുഞ്ഞുങ്ങളെയും സംബന്ധിക്കുന്ന വാർത്തകൾ ഇന്ന് സാധാരണമായിരിക്കുന്നു. പുതിയ തലമുറയ്ക്ക് ശിശു പരിപാലനം, | **വനിത ശിശുവികസന (സി) വകുപ്പ്**<br><br>**19.03.2024-ലെ WCD-C3/289/ 2022-WCD നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട്**<br><br>ശിഥിലമായ കുടുംബബന്ധങ്ങൾ ഉൾപ്പെടെ കുട്ടികളെ ദോഷകരമായി ബാധിക്കുന്ന കാര്യങ്ങളിൽ നിന്നും കുട്ടികൾക്ക് മോചനം ലഭിക്കുന്നതിനും മാതാപിതാക്കൾക്ക് ഉത്തരവാദിത്ത രക്ഷാകർത്തൃത്വം നൽകുന്നതിനുമായി വകുപ്പിന്റെ നേതൃത്വത്തിൽ 2020 മുതൽ പാരന്റിംഗ് ക്യാമ്പയിനുകൾ ആരംഭിക്കുകയും ആയതിന്റെ ഭാഗമായി |

| | | | |
|---|---|---|---|
| | | കുട്ടികളെ നല്ല രീതിയിൽ വളർത്തൽ എന്നിവയെക്കുറിച്ചുള്ള അജ്ഞതയാണ് പലപ്പോഴും ഇതിന് കാരണമായിത്തീരുന്നത്. അതുപോലെതന്നെ കുട്ടികളെ വളർത്തുന്നത് സ്ത്രീകളുടെ മാത്രം ഉത്തരവാദിത്വമാണെന്ന കാഴ്ചപ്പാടും മാറേണ്ടതുണ്ട്. ഗർഭകാലയളവിൽതന്നെ പേരന്റിംഗ് സംബന്ധിച്ച ട്രെയിനിംഗ് എല്ലാ ദമ്പതികൾക്കും നൽകേണ്ടത് അത്യാവശ്യമാണെന്ന് സമിതി കരുതുന്നു. ആയതിനാൽ ശിശുപരിപാലനവും കുട്ടികളെ വളർത്തലും സംബന്ധിച്ച പരിശീലനം ഗർഭകാല ചികിത്സാ പ്രോട്ടോക്കോളിന്റെ ഭാഗമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. ഇതിനായി എല്ലാ താലൂക്കുകളിലും ഗൈഡൻസ് ക്ലിനിക്കുകൾ ആരംഭിക്കണമെന്നും ഇത്തരം പരിശീലനത്തിന്റെ ആവശ്യകത ബോദ്ധ്യപ്പെടുത്തുന്നതിനായി ലഘു ലേഖകളും മറ്റും വിതരണം ചെയ്യണമെന്നും സമിതി നിർദ്ദേശിക്കുന്നു. കൂടാതെ സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ മുഖേന ഈ വിഷയം സംബന്ധിച്ച ലഘുചിത്രങ്ങളും തീംസോംഗുകളും തയ്യാറാക്കി ദൃശ്യ/ശ്രവ്യ/സമൂഹമാധ്യമങ്ങൾ വഴി പ്രദർശിപ്പിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | വെബിനാറുകൾ സംഘടിപ്പിക്കുകയും ചെയ്തിരുന്നു. പാരന്റിംഗ് വിഷയത്തിൽ മാതാപിതാക്കൾക്ക് ഉചിത മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും അവരിൽ ഉത്തരവാദിത്വ രക്ഷാകർത്തൃത്വം വളർത്തുന്നതിനുമായി സംസ്ഥാനത്തെ 152 ബ്ലോക്കുകളിലും 6 കോർപ്പറേഷനുകളിലും പാരന്റിംഗ് ക്ലിനിക്കുകൾ ആരംഭിക്കുകയും നിരന്തരമായ സേവനങ്ങൾ നൽകിവരികയും ചെയ്യുന്നുണ്ട്. കൂടാതെ പാരന്റിംഗ് ക്ലിനിക്കുകളുടെ മേൽനോട്ടത്തിൽ പഞ്ചായത്ത് തല ഔട്ട്റീച്ച് ക്യാമ്പുകളും സംഘടിപ്പിച്ച് വരുന്നു. വിവിധ തരത്തിലുള്ള വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കും, മാനസിക പിന്തുണയും മാർഗ്ഗനിർദ്ദേശങ്ങളും ആവശ്യമായ മാതാപിതാക്കൾക്കുമുള്ള വിദഗ്ധ പരിചരണം നൽകുന്നതിനായി ഓരോ ജില്ലയിലും ജില്ലാ റിസോഴ്സ് സെന്ററുകൾ സജ്ജീകരിച്ചിട്ടുണ്ട്. പ്രസ്തുത റിസോഴ്സ് സെന്ററുകളിൽ സൈക്കോളജിസ്റ്റ്, സൈക്യാട്രിസ്റ്റ് എന്നിവരുടെ സേവനം സൗജന്യമായി നൽകി വരുന്നു.<br><br>**24.07.2024-ലെ സമിതി യോഗം അംഗീകരിച്ചു.** |
| **5.** | **16** | കുട്ടികൾക്കെതിരായ കുറ്റങ്ങളിൽ | **വനിത ശിശുവികസന (സി) വകുപ്പ്** |

| | | | |
|---|---|---|---|
| | | 20%-വും കുട്ടിയുടെ വീട്ടിൽ നിന്നോ അടുത്ത് ഇടപഴകുന്നവരിൽ നിന്നോ ആണെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. സംസ്ഥാനത്ത് കുട്ടികൾക്കെതിരെ വർദ്ധിച്ചുവരുന്ന അതിക്രമങ്ങൾ ചെറുക്കുന്നതിനായി കുട്ടികളുടെ അവകാശങ്ങളെക്കുറിച്ചും സംരക്ഷണത്തെക്കുറിച്ചും കുട്ടികളുടെ സുരക്ഷയ്ക്കായി രാജ്യത്ത് നിലവിലുള്ള നിയമങ്ങളെക്കുറിച്ചും രക്ഷകർത്താക്കൾ, അദ്ധ്യാപകർ, പൊതുസമൂഹം എന്നിവർക്ക് കൃത്യമായ ബോധവൽക്കരണം നൽകേണ്ടതാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ കൃത്യമായ ഇടവേളകളിൽ ഇതു സംബന്ധിച്ച ബോധവൽക്കരണ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കണമെന്നും പ്രസ്തുത പരിപാടികളിൽ പഞ്ചായത്ത് തലത്തിൽ പ്രവർത്തിക്കുന്ന ജാഗ്രതാ സമിതി, സ്റ്റുഡൻസ് പോലീസ് കേഡറ്റ്, ORC, ചൈൽഡ്‌ലൈൻ, സ്കൂൾ കൗൺസിലേഴ്സ്, സ്കൂൾ ഹെൽത്ത് നഴ്സസ്, അദ്ധ്യാപകർ, അങ്കണവാടി വർക്കർമാർ, ആശാ വർക്കർമാർ, നാഷണൽ സർവ്വീസ് സ്കീം തുടങ്ങിയവരുടെയെല്ലാം പങ്കാളിത്തം ഉറപ്പുവരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | **09.01.2024-ലെ WCD-C3/289/2022-WCD നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട്.**<br><br>കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രാധിനിത്യം ഉറപ്പാക്കി ബാലസൗഹ്ദ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിനുള്ള തയ്യാറെടുപ്പുകൾ KILA-യുമായി ചേർന്ന് നടപ്പിലാക്കിവരുന്നു. കൂടാതെ പഞ്ചായത്ത് തലത്തിൽ തന്നെ കുട്ടികളുടെ പൊതുവായ പ്രശ്നങ്ങൾ കൂടിയാലോചിച്ച് പരിഹാരം കാണുന്നതിനായും കുട്ടികളുടെ സുരക്ഷക്ക് മുൻതൂക്കം നൽകിക്കൊണ്ട് പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനുമായി വില്ലേജ് തലത്തിൽ ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തിച്ച് വരുന്നുണ്ട്. ജില്ലാ ശിശു സംരക്ഷണ യൂണിറ്റുകളുടെ നേതൃത്വത്തിൽ കുട്ടികളുടെ അവകാശ സംരക്ഷണത്തെകുറിച്ചും സുരക്ഷയെ കുറിച്ചും ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കാറുണ്ട്. ശിശു ദിനത്തിന്റെ ഭാഗമായി കുട്ടികളുടെ അവകാശ സംരക്ഷണവും സുരക്ഷയും സംബന്ധിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനായി നവംബർ 14 മുതൽ 20 വരെ നീണ്ടുനിൽക്കുന്ന വിപുലമായ പ്രചാരണ പരിപാടികൾ നടത്തിയിട്ടുണ്ട്.<br><br>**24.07.2024-ലെ സമിതി യോഗം അംഗീകരിച്ചു.** |

| | | | |
|---|---|---|---|
| **6.** | **17** | പീഡനത്തിനിരയാകുന്ന കുട്ടികളെ വൈദ്യപരിശോധന നടത്തുന്നതിന് ആശുപത്രികളിൽ വളരെയേറെ സമയം കാത്തിരിക്കേണ്ടിവരുന്നതായി സമിതി മനസ്സിലാക്കുന്നു. ഇത് കുട്ടികൾക്ക് വളരെയധികം മാനസിക സമ്മർദ്ദം ഉണ്ടാക്കുന്നതിനാൽ വൈദ്യപരിശോധനയ്ക്ക് ആശുപത്രി അധികൃതർ താമസംവിനാ മുൻകൂട്ടി സമയം നിശ്ചയിച്ചു നൽകേണ്ടതും പ്രസ്തുത സമയത്തുമാത്രം പീഡനത്തിന് ഇരയാകുന്ന കുട്ടിയെ ആശുപത്രിയിൽ എത്തിക്കേണ്ടതും യഥാസമയത്തുതന്നെ ആശുപത്രി അധികൃതർ വൈദ്യപരിശോധന നടത്തേണ്ടതുമാണെന്ന് സമിതി നിർദ്ദേശിക്കുന്നു. | **ആരോഗ്യ കുടുംബക്ഷേമ (എഫ്.ഡബ്യ.) വകുപ്പ്**<br><br>**04.06.2024-ലെ HEALTH-FW3/100/2021-HEALTH നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട്.**<br><br>കേരള നിയമസഭയുടെ സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2019-21)-യുടെ 18-ാമത് റിപ്പോർട്ടിലെ 17-ാമത് ശിപാർശയുടെ അടിസ്ഥാനത്തിൽ പീഡനത്തിനിരയാകുന്ന കുട്ടികളുടെ വൈദ്യപരിശോധന നടത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയ സർക്കുലർ ആരോഗ്യവകുപ്പ് 08.01.2024-ൽ AB3-25134/2023 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത സർക്കുലറിലെ നിർദ്ദേശങ്ങൾ ഇപ്രകാരമാണ്.<br><br>1) എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാരും ഈ മാർഗ്ഗനിർദ്ദേശങ്ങൾ സംബന്ധിച്ച് പോലീസ് മേധാവിക്കും അതാതു ജില്ലാ കളക്ടർമാർക്കും അറിയിപ്പ് നൽകേണ്ടതാണ്.<br><br>2) എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാരും ജില്ലയിലെ മേജർ ആശുപത്രികളുടെ അധികാര പരിധിയും ആശുപത്രി സൂപ്രണ്ടുമാരുടെ ഫോൺ നമ്പരുകളും ജില്ലാ പോലീസ് മേധാവിയ്ക്ക് നൽകേണ്ടതാണ്.<br><br>3) പീഡനത്തിന് ഇരയാകുന്ന കുട്ടിയുടെ വൈദ്യപരിശോധനയുടെ ആവശ്യകത ബന്ധപ്പെട്ട പോലീസ് സ്റ്റേഷൻ ഹൗസ് |

| | | | |
|---|---|---|---|
| | | | ഓഫീസർ ആശുപത്രി സൂപ്രണ്ടിനെ അറിയിക്കുന്നതിന്റെ അടിസ്ഥാനത്തിൽ ആശുപത്രി സൂപ്രണ്ട് പീഡനത്തിന് ഇരയാകുന്ന കുട്ടിയുടെ വൈദ്യപരിശോധന നടത്തുന്ന സമയം ക്രമീകരിച്ചു നൽകേണ്ടതാണ്.<br><br>**24.07.2024-ലെ സമിതി യോഗം അംഗീകരിച്ചു.** |
| **7.** | **18** | പീഡനത്തിനിരയായ കുട്ടി ബന്ധുക്കൾ, ചൈൽഡ് ലൈൻ പ്രവർത്തകർ, പോലീസ്, ഡോക്ടർ, വക്കീൽ, കോടതി തുടങ്ങി നിരവധി ആളുകളോട് താൻ അനുഭവിച്ച പീഡനത്തെപ്പറ്റി വീണ്ടും വീണ്ടും വെളിപ്പെടുത്തേണ്ടതായ സാഹചര്യം നിലവിലുണ്ട്. ഇത് കുട്ടിക്ക് താങ്ങാനാവാത്ത മാനസിക സമ്മർദ്ദവും പലപ്പോഴും ജീവനുതന്നെ ഭീഷണിയും സൃഷ്ടിക്കുന്നു. ഇത് പൂർണ്ണമായും ഒഴിവാക്കേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. ആയതിനാൽ ഇത്തരം സംഭവങ്ങളുണ്ടാകുമ്പോൾ കുട്ടിയോട് ഒറ്റത്തവണ മാത്രമേ വിവരങ്ങൾ ആരായാവൂ എന്നും ആയതിന്റെ വീഡിയോ റെക്കോർഡ് ചെയ്ത് തുടർനടപടികൾക്കായി ഉപയോഗപ്പെടുത്തണമെന്നും സമിതി | **ആഭ്യന്തര (ജി) വകുപ്പ്**<br><br>**29.10.2021 -ലെ ജി3/242/2021/ആഭ്യന്തരം നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട്.**<br><br>ചില സാഹചര്യത്തിൽ പീഡനത്തിനിരയാകുന്ന കുട്ടികളുടെ മൊഴി അപൂർണ്ണവും പിന്നീട് കേസിലേക്ക് ലഭിക്കുന്ന മൊഴിയുടെ വൈരുദ്ധ്യം കാണപ്പെടുന്ന അവസരങ്ങളിൽ മാത്രമാണ് വീണ്ടും മൊഴി രേഖപ്പെടുത്തിവരുന്നത്. പീഡനത്തിനിരയാകുന്ന കുട്ടികളെ പ്രദർശന വസ്തുവാക്കുന്ന സന്ദർഭങ്ങൾ ഒഴിവാക്കാൻ എല്ലാ ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. പീഡനത്തിനിരയാകുന്ന കുട്ടിയുടെ മൊഴി വീഡിയോ റിക്കാർഡിംഗിന് വിധേയമാക്കിവരുന്നുണ്ട്. കൂടാതെ വനിതാ മജിസ്ട്രേറ്റ് മുമ്പാകെ 164 CrPC പ്രകാരമുള്ള മൊഴിയും രേഖപ്പെടുത്തുന്നുണ്ട്. ഇതുവഴി വീണ്ടും വീണ്ടും ചോദ്യം ചെയ്യലിൽ നിന്ന് |

| | | | |
|---|---|---|---|
| | | കർശനമായി നിർദ്ദേശിക്കുന്നു. കൂടാതെ പീഡനത്തിന് ഇരയായ കുട്ടിയെ തെളിവെടുപ്പിനായി വിവിധ സ്ഥലങ്ങളിൽ കൊണ്ടുപോയി ഒരു കാഴ്ചവസ്തുവാക്കുന്നത് ആ കുട്ടിയെ വീണ്ടും പീഡിപ്പിക്കുന്നതിന് തുല്യമായതിനാൽ ആയത് ഒഴിവാക്കണമെന്നും തെളിവെടുപ്പ് അതീവരഹസ്യമായി നടത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | അതിജീവിതരെ ഒഴിവാക്കാവുന്നതാണ്. എന്നാൽ പൂർണ്ണമായും ഈ നിർദ്ദേശം പ്രാവർത്തികമാക്കുന്നതിന് പോക്സോ ആക്റ്റിൽ ആവശ്യമായ ഭേദഗതി വരുത്തേണ്ടതാണ്. പീഡനത്തിന് ഇരയായ കുട്ടിയെ തെളിവെടുപ്പിന് കൊണ്ടുപോകുന്ന അവസരത്തിൽ മറ്റുള്ളവർ തിരിച്ചറിയാത്ത വിധത്തിൽ അതീവ രഹസ്യമായി തെളിവെടുപ്പ് നടത്തുവാൻ പൂർണ്ണ ശ്രദ്ധ ചെലുത്താറുള്ളതുമാണ്.<br><br>**30.03.2022-ലെ സമിതിയോഗം അംഗീകരിച്ചു.** |
| **8.** | **19** | കുഞ്ഞുങ്ങൾക്കെതിരായ പീഡന കേസുകളിൽ യഥാസമയം കേസെടുക്കാതെയും കുറ്റപത്രം വൈകിപ്പിച്ചും ദുർബ്ബല വകുപ്പുകൾ ചേർത്ത് എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തും സ്വാധീനങ്ങൾക്ക് വഴങ്ങിയും പോലീസുദ്യോഗസ്ഥർ പ്രതികളുമായി ഒത്തുകളിക്കുന്ന നിരവധി സംഭവങ്ങൾ ഉണ്ടാകുന്നുവെന്നത് സമിതി ഗൗരവത്തോടെ കാണുന്നു. കുട്ടികൾക്കെതിരായ പീഡനക്കേസുകൾ അട്ടിമറിക്കുന്ന പോലീസ് ഉദ്യോഗസ്ഥരെ സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതടക്കമുള്ള കർശന നടപടികൾ സ്വീകരിക്കണ മെന്നും ഇതിന് സഹായിക്കുന്ന മറ്റുള്ളവരെ പ്രതി ചേർത്ത് കേസെടുക്കണമെന്നും എല്ലാ പോലീസ് സ്റ്റേഷനുകളും ശിശുസൗഹൃദമാക്കണമെന്നും ഇക്കാര്യത്തിൽ സ്റ്റുഡന്റ് പോലീസ് | **ആഭ്യന്തര (ജി) വകുപ്പ്**<br><br>**29.10.2021-ലെ ജി3/242/2021/ആഭ്യന്തരം നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട്**<br><br>കുട്ടികൾക്കെതിരെയുള്ള പീഡന കേസുകൾ സമയബന്ധിതമായും വീഴ്ച കൂടാതെയും കുറ്റമറ്റ രീതിയിൽ അന്വേഷണം പൂർത്തിയാക്കി വരുന്നതും രജിസ്റ്റർ ചെയ്യപ്പെടുന്ന അത്തരത്തിലുള്ള കേസുകളുടെ അന്വേഷണം ഉന്നത ഉദ്യോഗസ്ഥ തലത്തിൽ പ്രത്യേകം പ്രാധാന്യം കൊടുത്ത് നിരീക്ഷിച്ചുവരുന്നതുമാണ്. കൂടാതെ, കുറ്റവാളികളായ പ്രതികൾക്കെതിരെ കർശന നിയമ നടപടി സ്വീകരിക്കുവാനും അന്വേഷണം എത്രയും വേഗം പൂർത്തിയാക്കി കുറ്റപത്രം ബഹു. കോടതിയിൽ സമർപ്പിക്കുവാനും നിർദ്ദേശം നൽകിയിട്ടുള്ളതാണ്. കുട്ടികൾക്കെതിരായ പീഡനക്കേസുകൾ |

| | | | |
|---|---|---|---|
| | | കേഡറ്റിന്റെ സേവനം ഉപയോഗപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | അട്ടിമറിക്കുന്ന പോലീസ് ഉദ്യോഗസ്ഥർക്കെതിരെ മാതൃകാപരമായ നിയമ നടപടികൾ സ്വീകരിക്കുന്നതാണ്. എല്ലാ പോലീസ് സ്റ്റേഷനുകളും സ്റ്റുഡന്റ് പോലീസ് കേഡറ്റിന്റെ സേവനം ഉപയോഗിച്ച് ശിശു സൗഹൃദമാക്കുവാൻ നടപടി കൈക്കൊള്ളുന്നതുമാണ്.<br><br>**30.03.2022-ലെ സമിതി യോഗം പരിഗണിക്കുകയും അധിക വിവരം ആരായുകയും ചെയ്തു.** |
| | | **സമിതി ആരാഞ്ഞ അധിക വിവരം**<br><br>കുഞ്ഞുങ്ങൾക്കെതിരായ പീഡനക്കേസുകൾ അട്ടിമറിക്കുന്ന പോലീസ് ഉദ്യോഗസ്ഥർക്കെതിരെ എത്ര പരാതി ലഭിച്ചിട്ടുണ്ടെന്നും, അവയിൽ എത്രയെണ്ണത്തിൽ നിയമനടപടി സ്വീകരിച്ചുവെന്നതിന്റെയും വിശദാംശങ്ങൾ ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കുവാൻ നിർദ്ദേശിച്ചു. | **ആഭ്യന്തര (ജി) വകുപ്പ് 08.01.2026 -ലെ ജി3/242/2021/ആഭ്യന്തരം നമ്പർ കത്ത് മുഖേന ലഭ്യമാക്കിയത്.**<br>കുട്ടികൾക്കെതിരായ പീഡനകേസുകൾ അട്ടിമറിക്കുന്ന പോലീസ് ഉദ്യോഗസ്ഥർക്കെതിരെ എത്ര പരാതി ലഭിച്ചിട്ടുണ്ടെന്നും അവയിൽ എത്രയെണ്ണത്തിൽ നിയമനടപടി സ്വീകരിച്ചുവെന്നതിന്റെ ജില്ലാടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ.<br><br>**തിരുവനന്തപുരം സിറ്റി**<br><br>തിരുവനന്തപുരം സിറ്റിയിലെ എല്ലാ സബ് ഡിവിഷൻ ഓഫീസർമാർക്കും, തിരുവനന്തപുരം സിറ്റി ഡി. സി. ആർ. ബി. , തിരുവനന്തപുരം സിറ്റി നാർക്കോട്ടിക് സെൽ, തിരുവനന്തപുരം സിറ്റി സ്പെഷ്യൽ ബ്രാഞ്ച്, തിരുവനന്തപുരം സിറ്റി വനിതാസെൽ എന്നിവിടങ്ങളിൽ അന്വേഷിച്ച് റിപ്പോർട്ട് ലഭ്യമാക്കി പരിശോധിച്ചതിൽ കുട്ടികൾക്കെതിരായ പീഡനക്കേസുകൾ പോലീസ് ഉദ്യോഗസ്ഥർ അട്ടിമറിച്ചതുമായി |

| | | | |
|---|---|---|---|
| | | | ബന്ധപ്പെട്ട് നിലവിൽ പരാതികൾ ഒന്നും തന്നെ ലഭിച്ചിട്ടില്ല<br><br>**<u>കൊച്ചി സിറ്റി</u>**<br><br>കുട്ടികൾക്കെതിരായ ലൈംഗികപീഡന സംഭവങ്ങളിൽ പോക്സോ നിയമം, ഭാരതീയ ന്യായ സംഹിത എന്നിവ പ്രകാരം അടിയന്തര നടപടിയാണ് ഇത്തരം കേസുകളിൽ സ്വീകരിച്ചു വരുന്നതെന്നും ഉചിതമായ നടപടികൾ സ്വീകരിക്കുന്നതിന് കൊച്ചി സിറ്റിയിലെ എല്ലാ ഉദ്യോഗസ്ഥർക്കും നിർദ്ദേശങ്ങൾ കൊടുത്തിട്ടുള്ളതും ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടു-ള്ളതുമാണെന്നും കുട്ടികൾക്കെതിരായ പീഡനകേസ്സുകൾ അട്ടിമറിക്കുന്ന സംഭവങ്ങൾ കൊച്ചി സിറ്റിയിൽ റിപ്പോർട്ട് ചെയ്തിട്ടില്ല എന്നും സംസ്ഥാന പോലീസ് മേധാവി അറിയിച്ചിട്ടുണ്ട്.<br><br>**<u>കോഴിക്കോട് സിറ്റി</u>**<br>കുട്ടികൾക്കെതിരെയുള്ള പീഡന-കേസ്സുകൾ പോലീസ് ഉദ്യോഗസ്ഥർ അട്ടിമറിക്കുന്നതായുള്ള പരാതികൾ കോഴിക്കോട് സിറ്റി ജില്ലയിൽ ഇതുവരെ ലഭിച്ചിട്ടില്ല.<br>**<u>തിരുവനന്തപുരം റേഞ്ച്</u>**<br>തിരുവനന്തപുരം റേഞ്ചിന് കീഴിൽ കുട്ടികൾക്കെതിരെയുള്ള പീഡന കേസുകളിൽ യഥാസമയം കേസ്സെടുക്കാതെയും കുറ്റപത്രം വൈകിപ്പിച്ചും ദുർബല വകുപ്പുകൾ ചേർത്ത് എഫ്.ഐ.ആർ രജിസ്റ്റർ ചെയ്തും പോലീസ് ഉദ്യോഗസ്ഥൻ പ്രതികളുമായി |

| | | | |
|---|---|---|---|
| | | | ചേർന്ന് ഒത്തുകളിക്കുന്ന സംഭവങ്ങൾ ശ്രദ്ധയിൽപെട്ടിട്ടില്ലാത്തതും അത്തരത്തിലുള്ള പരാതികളോ, കേസുകളോ നിലവിലില്ലാത്തതുമാണ്.<br><br>**<u>എറണാകുളം റേഞ്ച്</u>**<br><br>കുട്ടികൾക്കെതിരായ പീഡനകേസുകൾ അട്ടിമറിക്കുന്ന പോലീസ് ഉദ്യോഗസ്ഥർക്കെതിരെ പരാതികൾ / കേസുകൾ ഒന്നും തന്നെ ഈ റേഞ്ചിന്റെ പരിധിയിൽ വരുന്ന യൂണിറ്റുകളിൽ ഒന്നും തന്നെ ലഭിച്ചിട്ടില്ല എന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br><br>**<u>തൃശ്ശൂർ റേഞ്ച്</u>**<br>കുട്ടികൾക്കെതിരായ പീഡന-ക്കേസുകളിൽ യഥാസമയം കേസെടുക്കാതെയും കുറ്റപത്രം വൈകിപ്പിച്ചും ദുർബല വകുപ്പുകൾ ചേർത്ത് എഫ്.ഐ.ആർ രജിസ്റ്റർ ചെയ്തും സ്വാധീനങ്ങൾക്ക് വഴങ്ങിയോ പോലീസ് ഉദ്യോഗസ്ഥർ പ്രതികളുമായി ഒത്തുകളിക്കുന്നതുമായോ ബന്ധപ്പെട്ട പരാതികൾ ഒന്നും തന്നെ ജില്ലകളിൽ ലഭിച്ചിട്ടില്ലെന്ന് തൃശ്ശൂർ റേഞ്ച് പരിധിയിലെ ജില്ലാ പോലീസ് മേധാവിമാർ അറിയിച്ചിട്ടുണ്ട്. എന്നാൽ വാളയാർ പോലീസ് സ്റ്റേഷനിലെ ക്രം നം. 43/2017 & 240/2017 എന്നീ കേസുകളിലെ പീഡനത്തിനിരയാവുകയും<br>മരണപ്പെടുകയും ചെയ്ത യഥാക്രമം 3-ഉം 9-ഉം വയസുള്ള കുട്ടികളെ സമൂഹമാധ്യമത്തിൽ മോശമായി ചിത്രീകരിച്ച എന്നാരോപിച്ച് മേൽ |

| | | | |
|---|---|---|---|
| | | | കേസുകളുടെ അന്വേഷണം നടത്തി കുറ്റപത്രം ബഹു. കോടതി മുമ്പാകെ സമർപ്പിച്ച അന്നത്തെ നർക്കോട്ടിക് സെൽ ഡി.വൈ.എസ്.പി ആയിരുന്ന ശ്രീ. എം. ജെ. സോജനെ പ്രതിയാക്കി കുട്ടികളുടെ അമ്മ ബഹു.പാലക്കാട് First Additional Sessions Court മുമ്പാകെ സ്വകാര്യ അന്യായം ഫയൽ ചെയ്യുകയും ഇതിനെതിരെ ശ്രീ. എം. ജെ. സോജൻ ബഹു.ഹൈക്കോടതി മുമ്പാകെ അന്യായം ഫയൽ ചെയ്യുകയും, ബഹു.ഹൈക്കോടതി ***"the complaint which led to the order in Crl.M.P.No.3313/2021 filed by the mother of deceased girls and the consequential proceedings thereof are hereby quashed"*** എന്നും ഉത്തരവിട്ടിട്ടുള്ളതാണ് എന്ന് സംസ്ഥാന പോലീസ് മേധാവി അറിയിച്ചിട്ടുണ്ട്.<br><br>**<u>കണ്ണൂർ റേഞ്ച്</u>**<br>പോലീസ് ഉദ്യോഗസ്ഥർ കുട്ടികൾക്കെതിരെയുള്ള പീഡന-കേസ്സുകൾ അട്ടിമറിക്കുന്നതായോ ഇത്തരം കേസുകളിൽ യഥാസമയം കേസ് എടുക്കാതെയും കുറ്റപത്രം വൈകിപ്പിച്ചും നിസ്സാരമായ വകുപ്പുകൾ ചേർത്തും പോലീസ് ഉദ്യോഗസ്ഥർ പ്രതികൾക്ക് അനുകൂലമായി പ്രവർത്തിച്ചതുമായി ബന്ധപ്പെട്ട സംഭവങ്ങൾ ഒന്നും തന്നെ ഈ റേഞ്ചിനു കീഴിലും നാളിതുവരെയായി റിപ്പോർട്ട് ചെയ്തിട്ടില്ല എന്ന് സംസ്ഥാന പോലീസ് മേധാവി അറിയിച്ചിട്ടുണ്ട്.<br><br>കുട്ടികൾക്കെതിരെയുണ്ടാകുന്ന പീഡന കേസുകൾ വളരെയധികം ശ്രദ്ധയോടും |

| | | | |
|---|---|---|---|
| | | | ജാഗ്രതയോടും അവധാനതയോടും കൂടിയാണ് അന്വേഷണം നടത്തിവരുന്നത്. കൂടാതെ ഇത്തരം കേസ്സുകൾ അന്വേഷണഘട്ടത്തിൽ തന്നെ മൂന്ന് നാല് പ്രാവശ്യമെങ്കിലും ജില്ലാ സബ്-ഡിവിഷൻ തലത്തിൽ റിവ്യൂ ചെയ്തു വരുന്നതിനാൽ അന്വേഷണത്തിന്റെ ഏതെങ്കിലും ഘട്ടത്തിൽ ന്യൂനതകൾ ശ്രദ്ധയിൽപ്പെട്ടാൽ അപ്പപ്പോൾ തന്നെ തിരുത്തലുകൾ വരുത്തിയാണ് അന്വേഷണം പൂർത്തിയാക്കാറുള്ളത്. ആയതിനാൽ, ഒട്ടു മിക്ക കേസ്സുകളിലും യാതൊരു തരത്തിലുമുള്ള വീഴ്ചകളും സംഭവിക്കാറില്ല. അഥവാ ഇനി ഏതെങ്കിലും തരത്തിലുള്ള മനഃപൂർവ്വമായ വീഴ്ചകൾ മൂലം കേസ്സുകൾ അട്ടിമറിക്കുന്ന സാഹചര്യം സംജാതമായാൽ അന്വേഷണ ഉദ്യോഗസ്ഥർക്കെതിരെ കർശനമായ വകുപ്പുതല നടപടികൾ സ്വീകരിക്കുന്നതാണെന്നും സംസ്ഥാന പോലീസ് മേധാവി റിപ്പോർട്ട് നല്കിയിട്ടുണ്ട്.<br><br>**29.01.2026-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.** |
| **9.** | **20** | കുട്ടികൾക്കു നേരെയുള്ള പീഡനങ്ങൾ വർദ്ധിച്ചുവരുന്ന ഈ കാലഘട്ടത്തിൽ ആവശ്യത്തിന് പോക്സോ കോടതികളില്ലെന്ന് സമിതി മനസ്സിലാക്കുന്നു. മിക്ക പീഡന കേസുകളിലും കുട്ടി പ്രായപൂർത്തിയായാലും വിചാരണ പൂർത്തിയാകാത്ത കേസുകൾവരെയുണ്ടെന്നത് | **ആഭ്യന്തര (സി) വകുപ്പ്**<br><br>**04.12.2021-ലെ സി5/96/2021-ആഭ്യന്തരം നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട്.**<br><br>പോക്സോ നിയമപ്രകാരമുള്ള കേസുകൾ വേഗത്തിൽ വിചാരണ ചെയ്ത് തീർപ്പാക്കുന്നതിന് ഫാസ്റ്റ് ട്രാക്ക് സ്പെഷ്യൽ കോടതികൾ (FTSC) സ്ഥാപിക്കുന്നതിനുള്ള കേന്ദ്ര |

| | | | |
|---|---|---|---|
| | | അങ്ങേയറ്റം ഖേദകരമാണ്. വൈകി ലഭിക്കുന്ന നീതി, നീതി നിഷേധത്തിനു തുല്യമാണ്. മാത്രമല്ല, പീഡനത്തിനിരയായ കുട്ടിക്ക് ഒരു വിവാഹജീവിതം ലഭിക്കാറാകുന്ന ഘട്ടത്തിൽ ഉണ്ടാകുന്ന അനുകൂല വിധിപോലും ആ കുട്ടിയുടെ ജീവിതത്തെ ദോഷകരമായാണ് ബാധിക്കുക. ആയതിനാൽ എല്ലാ ജില്ലകളിലും കൂടുതൽ അതിവേഗ പോക്സോ കോടതികൾ സ്ഥാപിക്കണമെന്നും വിചാരണ അതിവേഗം പൂർത്തീകരിക്കു-ന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | സർക്കാരിന്റെ പദ്ധതി പ്രകാരം സംസ്ഥാനത്ത് 56 ഫാസ്റ്റ് ട്രാക്ക് സ്പെഷ്യൽ കോടതികൾ തുടങ്ങുന്നതിന് ശിപാർശ ചെയ്തിരുന്നു. 07.05.2020-ലെ G.O.(Ms) No. 93/2020/Home, 12.06.2020-ലെ G.O.(Ms) No.125/2020/Home എന്നീ ഉത്തരവുകൾ പ്രകാരം 28 ഫാസ്റ്റ് ട്രാക്ക് സ്പെഷ്യൽ കോടതികൾക്ക് ഭരണാനുമതി നൽകുകയും, അവ പൂർണ്ണതോതിൽ പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. 28 ഫാസ്റ്റ് ട്രാക്ക് സ്പെഷ്യൽ കോടതികൾ കൂടി തുടങ്ങുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു.<br><br>**30.03.2022-ലെ സമിതിയോഗം പരിഗണിക്കുകയും അധികവിവരം ആരായുകയും ചെയ്തു.** |
| | | <u>സമിതി ആവശ്യപ്പെട്ട അധിക വിവരം</u><br><br>പോക്സോ നിയമപ്രകാരമുള്ള കേസുകൾ വേഗത്തിൽ തീർപ്പാക്കുന്നതിനായി 'അതിവേഗ സ്പെഷ്യൽ കോടതികൾ തുടങ്ങുന്നതിന്റെ നിലവിലെ സ്ഥിതി' | **ആഭ്യന്തര (സി) വകുപ്പ്**<br><br>**01.09.2022-ലെ സി5/96/2021/ആഭ്യന്തരം നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ അധികവിവരം**<br><br>പോക്സോ നിയമപ്രകാരമുള്ള കേസുകൾ വേഗത്തിൽ വിചാരണ ചെയ്ത് തീർപ്പാക്കുന്നതിന് ഫാസ്റ്റ് ട്രാക്ക് സ്പെഷ്യൽ കോടതികൾ (FTSCs) സ്ഥാപിക്കുന്നതിനുള്ള കേന്ദ്ര സർക്കാരിന്റെ പദ്ധതി പ്രകാരം സംസ്ഥാനത്ത് 56 ഫാസ്റ്റ് ട്രാക്ക് സ്പെഷ്യൽ കോടതികൾ തുടങ്ങുന്നതിന് ശിപാർശ ചെയ്തിരുന്നു. 24.04.2020-ലെ G.O. (Ms) No.93/2020/Home, 12.06.2020-ലെ G.O.(Ms) No.125/2020/Home എന്നീ ഉത്തരവുകൾ പ്രകാരം 28 ഫാസ്റ്റ് ട്രാക്ക് സ്പെഷ്യൽ കോടതികൾക്ക് ഭരണാനുമതി |

| | | | |
|---|---|---|---|
| | | | നൽകുകയും, അവ പൂർണ്ണ തോതിൽ പ്രവർത്തനം ആരംഭിക്കുകകയും ചെയ്തിട്ടുണ്ട്. രണ്ടാം ഘട്ടമായി ബാക്കിയുള്ള 28 ഫാസ്റ്റ് ട്രാക്ക് സ്പെഷ്യൽ കോടതികൾ കൂടി സംസ്ഥാനത്ത് തുടങ്ങുന്നതിനുള്ള സർക്കാർ അനുമതി 04.02.2022-ലെ G.O.(Ms) No.20/2022/Home പ്രകാരം നൽകിയിട്ടുണ്ട്. കൂടാതെ 28 ഫാസ്റ്റ് ട്രാക്ക് സ്പെഷ്യൽ കോടതികൾ സ്ഥാപിക്കേണ്ട സ്ഥലങ്ങൾ സംബന്ധിച്ച് 28.05.2022-ലെ G.O.(Ms) No.105/2022/Home, പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.<br><br>**27.12.2022-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.** |
| **10.** | **21** | അന്യസംസ്ഥാനങ്ങളിൽ നിന്നും വരുന്നവരും അന്യ ഭാഷകൾ സംസാരിക്കുന്നവരുമായ കുട്ടികളുമായി ബന്ധപ്പെട്ട പോക്സോ കേസുകളിൽ സപ്പോർട്ട് ചെയ്യുന്ന അഭിഭാഷകർക്കും പരിഭാഷകർക്കും ഓണറേറിയം നിശ്ചയിച്ച് നൽകിയിട്ടില്ലെന്ന് സമിതി മനസിലാക്കുന്നു. ആയതിനാൽ അത്തരം അഭിഭാഷകർക്കും പരിഭാഷകർക്കുമുള്ള ഓണറേറിയം എത്രയും വേഗം നിശ്ചയിച്ച് നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | **ആഭ്യന്തര (സി) വകുപ്പ് 04/12/2021-ലെ സി5/96/2021/ആഭ്യന്തരം നമ്പർ കത്ത് മുഖാന്തരം ലഭ്യമാ ക്കിയ റിപ്പോർട്ട്.**<br><br>അന്യസംസ്ഥാനങ്ങളിൽ നിന്നും വരുന്നവരും അന്യഭാഷകൾ സംസാരിക്കുന്നവരുമായ കുട്ടികളുമായി ബന്ധപ്പെട്ട പോക്സോ കേസുകളിൽ സപ്പോർട്ട് ചെയ്യുന്ന വ്യഖ്യാതാക്കൾക്കും (Interpreters) പരിഭാഷകർക്കും പ്രത്യേക അധ്യാപകർക്കും (Special educators) മറ്റ് വിദഗ്ധർക്കും (Experts), ICPS Order No.1/1937(1)/20 dated 21.08.2020 പ്രകാരം 1000 രൂപ ഒരു ദിവസം എന്ന കണക്കിൽ ഓണറേറിയം നൽകുന്നതാണെന്ന് ഹൈക്കോടതി രജിസ്ട്രാർ അറിയിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | **30.03.2022-ലെ സമിതി യോഗം അംഗീകരിച്ചു.** |
| **11.** | **22** | നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികളുമായി ബന്ധപ്പെട്ട വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിന് 14 ജില്ലകളിലും ജുവനൈൽ ജസ്റ്റിസ് ബോർഡുകൾ പ്രവർത്തിക്കുന്നുണ്ടെന്നും ഓരോന്നിലും ഒരു പ്രിൻസിപ്പൽ മജിസ്ട്രേറ്റും രണ്ട് സോഷ്യൽ വർക്കർ മെമ്പർമാരുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. എന്നാൽ ഇവയിൽ മുഴുവൻ സമയ മജിസ്ട്രേറ്റുമാരില്ലാത്തത് ബോർഡിന്റെ സുഗമമായ പ്രവർത്തനത്തെ ബാധിക്കുന്നതായി സമിതി വിലയിരുത്തുന്നു. ആയതിനാൽ ജുവനൈൽ ജസ്റ്റിസ് ബോർഡുകളിൽ മുഴുവൻസമയ മജിസ്ട്രേറ്റുമാരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | **ആഭ്യന്തര (സി) വകുപ്പ്**<br><br>**04/12/22-ലെ സി5/96/2021/ആഭ്യന്തരം നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട്.**<br><br>05.08.2015 തീയതിയിലെ G.O.(P) No. 46/2015/SJD പ്രകാരം ഓരോ ജില്ലയിലും ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റുമാരെ ജുവനൈൽ ജസ്റ്റിസ് ബോർഡുകളിലെ പ്രിൻസിപ്പൽ മജിസ്ട്രേറ്റുമാരായി designate ചെയ്തിട്ടുണ്ട്. ബഹു. ഹൈക്കോടതി 13.06.2016-ലെ ഒഫിഷ്യൽ മെമ്മോറാണ്ടം നം. D12-43732/2015/D12 പ്രകാരം 100-ൽ കൂടുതൽ കേസുകൾ വരുന്ന ജില്ലകളിൽ ജുവനൈൽ ബോർഡുകളിലെ പ്രിൻസിപ്പൽ മജിസ്ട്രേറ്റുമാർ ദിവസവും രാവിലെയോ ഉച്ചയ്ക്കോ സിറ്റിംഗ് നടത്തുന്നതിനും അതുവഴി ജുവനൈൽ ഉൾപ്പെട്ട കേസുകൾ തീർപ്പാക്കുന്നതിനുമുള്ള നിർദ്ദേശം നിൽകാൻ അതാത് ജില്ലകളിലെ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റുമാരോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ ജുവനൈൽ ജസ്റ്റിസ് ബോർഡുകളിലെ പ്രിൻസിപ്പൽ മജിസ്ട്രേറ്റുമാരായി പ്രവർത്തിക്കുന്ന ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റുമാർക്ക്, കേസുകൾ മറ്റ് കോടതികളിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും അതുവഴി ദിവസവും രാവിലെയോ ഉച്ചയ്ക്കോ സിറ്റിംഗ് നടത്തണമെന്ന നിർദ്ദേശം പാലിക്കുന്നതിനും ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റുമാർ മുഖേന കേരളാ |

| | | | |
|---|---|---|---|
| | | | ഹൈക്കോടതി നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>**30.03.2022-ലെ സമിതി യോഗം അംഗീകരിച്ചു.** |
| | | | **വനിത ശിശുവികസന (സി) വകുപ്പ്**<br><br>**19.03.2024-ലെ WCD-C3/289/2022-WCD നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട്.**<br><br>ജുവനൈൽ ജസ്റ്റീസ് ബോർഡിൽ മുഴുവൻ സമയ പ്രിൻസിപ്പൽ മജിസ്ട്രേറ്റുമാരെ നിയോഗിക്കുന്നത് സംബന്ധിച്ച വനിത ശിശു വികസന വകുപ്പ് ഡയറക്ടറുടെ ആവശ്യത്തിന്മേൽ ഹൈക്കോടതി രജിസ്ട്രാറോട് സർക്കാർ ഉചിത നടപടി സ്വീകരിക്കാമോ എന്ന് അഭ്യർത്ഥിച്ചിരുന്നു. ആയതിനു മറുപടിയായി അപ്രകാരമുള്ള നിയമങ്ങൾ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതികളുടെ സുഗമമായ പ്രവർത്തനത്തെ ബാധിക്കുമെന്നും (ചില ഉദ്യോഗസ്ഥർ അധിക ചുമതല വഹിക്കുന്നതിനാൽ) സമയബന്ധിതമായി ജുവനൈൽ ജസ്റ്റിസ് സംബന്ധിച്ച വിഷയങ്ങളിൽ തീരുമാനം കൈക്കൊള്ളുവാൻ പ്രിൻസിപ്പൽ മജിസ്ട്രേറ്റുമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട് എന്നുമാണ് അറിയിച്ചിട്ടുള്ളത്.<br>ഈ സാഹചര്യത്തിൽ ജുവനൈൽ ജസ്റ്റീസ് ബോർഡുകളിൽ മുഴുവൻ സമയ മജിസ്ട്രേറ്റുമാരെ നിയമിക്കുന്നത് സംബന്ധിച്ച് സമിതിയുടെ ശിപാർശ പരിഗണിക്കുവാൻ സാധിക്കില്ലായെന്നു അറിയിക്കുന്നതിനോടൊപ്പം ജുവനൈൽ ജസ്റ്റീസ് ബോർഡുകളിലെ കേസുകളിൽ |

| | | | |
|---|---|---|---|
| | | | സമയബന്ധിതമായി നടപടി കൈക്കൊള്ളുവാൻ പ്രിൻസിപ്പൽ മജിസ്ട്രേറ്റ്മാർക്ക് ഹൈക്കോടതി രജിസ്ട്രാർ നിർദ്ദേശം നൽകിയിട്ടുണ്ട് എന്ന വിവരവും അറിയിക്കുന്നു.<br><br>**24.07.2024-ലെ സമിതിയോഗം അംഗീകരിച്ചു.** |
| **12.** | **23** | സംഘടിത/അസംഘടിത മേഖലകളിൽ സേവനമനുഷ്ഠിക്കുന്ന സ്ത്രീകളുടെ ആറ് വയസ്സുവരെ പ്രായമുള്ള കുട്ടികളെ പകൽ സമയങ്ങളിൽ സുരക്ഷിതമായി പരിചരിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണ് നാഷണൽ ക്രഷ് സ്കീം. ഈ പദ്ധതി പ്രകാരം പ്രവർത്തിക്കുന്ന ക്രഷുകൾക്കുള്ള ധനസഹായം സംസ്ഥാന സർക്കാർ മുഖേന കേന്ദ്ര സർക്കാരാണ് നൽകുന്നതെന്നും സംസ്ഥാനത്ത് ഇത്തരത്തിൽ 571 ക്രഷുകൾ ഏറ്റെടുത്തിട്ടുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. ഇതിനായി 2019-20 വർഷത്തിലെ ബഡ്ജറ്റ് വിഹിതമായ 783 ലക്ഷം രൂപയിൽ നിന്നും 2.274 ലക്ഷം രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളതെന്നത് വലിയ പോരായ്മയായി സമിതി കരുതുന്നു. കുഞ്ഞുങ്ങളെ സുരക്ഷിതമായ കൈകളിൽ ഏല്പിക്കുവാനില്ലാത്തതും സ്വകാര്യ ക്രഷുകൾ ഈടാക്കുന്ന അമിത ഫീസും മൂലം സാധാരണ സ്ത്രീകൾ നട്ടം തിരിയുമ്പോൾ ഇത്തരം പദ്ധതികൾക്ക് വലിയ തോതിൽ ജനങ്ങളെ സഹായിക്കുവാൻ | **വനിത ശിശുവികസന (സി) വകുപ്പ്**<br><br>**11/06/2024-ലെ WCD-C3/289/2022-WCD നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട്.**<br><br>കേന്ദ്രാവിഷ്കൃത പദ്ധതിയായ നാഷണൽ ക്രഷ് സ്കീം അനുസരിച്ച് സംസ്ഥാനത്ത് പ്രവർത്തിച്ചിരുന്ന NGO ക്രഷുകളെയും ശിശു ക്ഷേമ സമിതിക്ക് കീഴിലെ ക്രഷുകളെയും കേന്ദ്ര സർക്കാർ നിർദ്ദേശപ്രകാരം G.O.(Ms)35/2017/സാ.നീ.വ. dated 09.08.2017 ഉത്തരവിന്റെ അടിസ്ഥാനത്തിൽ 01.01.2017 മുതൽ സംസ്ഥാന സർക്കാർ ഏറ്റെടുക്കുകയും പ്രവർത്തനക്ഷമമായ ക്രഷുകൾക്ക് സ്കീം മാനദണ്ഡപ്രകാരം 60:30:10 (Central Share: State Share: NGO Share) എന്ന അനുപാതത്തിൽ ഗ്രാന്റ് അനുവദിച്ചു വരികയും ചെയ്തിരുന്നു. സംസ്ഥാനത്തിന്റെ സാമൂഹ്യ പശ്ചാത്തലം, ജീവിത നിലവാരം മുതലായവ പരിഗണിച്ചു ഓണറേറിയം, ഗ്രാന്റ് അടക്കമുള്ളവ വർദ്ധിപ്പിച്ചു കൊണ്ട് ടി സ്കീം പരിഷ്കരിക്കണമെന്ന് നിരവധി പ്രാവശ്യം കേന്ദ്ര സർക്കാരിനോട് ആവശ്യം ഉന്നയിക്കുകയും, കേന്ദ്ര സർക്കാർ പ്രസ്തുത സ്കീം പരിഷ്കരിക്കുകയും |

| | | | |
|---|---|---|---|
| | | കഴിയുമെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഗ്രാമീണ/നഗര ഭേദമെന്യേ നാഷണൽ ക്രഷ് സ്കീം പ്രകാരം പരമാവധി ക്രഷുകൾ ഏറ്റെടുക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. അതോടൊപ്പം കേന്ദ്ര സ്കീമിലെ പല മാനദണ്ഡങ്ങളും സംസ്ഥാന സാഹചര്യങ്ങൾക്ക് അനുസൃതമല്ലാത്ത-തിനാൽ സംസ്ഥാനത്തിന്റെ സാഹചര്യ-ങ്ങൾക്കനുസരിച്ച് മാനദണ്ഡങ്ങൾ ലളിതമാക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | ജീവനക്കാരുടെ ഓണറേറിയം അടക്കമുള്ളവ വർദ്ധിപ്പിയ്ക്കുകയും ചെയ്തു. പുതുക്കിയ മിഷൻ ശക്തി മാർഗ്ഗനിർദ്ദേശാനുസരണം സ്കീമിന്റെ പേര് പൽന (PALNA) എന്നാക്കുകയും ആയതിൻപ്രകാരം പൽന സ്കീം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് 31.01.2023-ലെ സ.ഉ. (സാധാ) നം. 54/2023/ WCDD പ്രകാരം സംസ്ഥാന സർക്കാർ അനുമതി നൽകിയിട്ടുമുണ്ട്. പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട ക്രഷുകൾക്ക് ആവശ്യമായ ചെലവ് തുക, ബന്ധപ്പെട്ട എൻ.ജി.ഒ. വഹിയ്ക്കുകയും പിന്നീട് സർക്കാരിൽ നിന്നും റീ-ഇമ്പേഴ്സ് ചെയ്തു നൽകുകയുമാണ് ചെയ്തുവരുന്നത്. കേന്ദ്ര ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ആനുപാതിക സംസ്ഥാന വിഹിതം അനുവദിച്ചാണ് ഗ്രാന്റ് നൽകി വരുന്നത്. 2019-20 വർഷം ബജറ്റ് വിഹിതമായ 783 ലക്ഷം രൂപ വകയിരുത്തിയിരുന്നുവെങ്കിലും പ്രസ്തുത സാമ്പത്തിക വർഷം അവസാനമാണ് കേന്ദ്ര സർക്കാർ ഫണ്ട് റിലീസ് ലഭ്യമായത്. തുടർന്ന് G.O.(Rt) No.182/2020/SJD, Dated 11.04.2020 പ്രകാരം 2020 ഏപ്രിൽ മാസം സംസ്ഥാന വിഹിതമടക്കം അനുവദിച്ചു നൽകി. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ 2020-21 വർഷം 7,55,10,254/- രൂപ ഗ്രാന്റായി ക്രഷുകൾക്ക് അനുവദിച്ചു നൽകുകയും ചെയ്തിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതിയായ പൽന സ്കീം (മുമ്പ് നാഷണൽ ക്രഷ് സ്കീം) പ്രകാരം പ്രവർത്തിയ്ക്കുന്ന Stand alone ക്രഷുകളെല്ലാം 2024-25 വർഷത്തോടെ |

| | | | |
|---|---|---|---|
| | | | അങ്കണവാടികളുമായി സംയോജിപ്പിച്ച് അങ്കണവാടി കം ക്രഷ് പദ്ധതി നടപ്പിലാക്കണമെന്ന് കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുള്ളതിനാൽ പൽന പദ്ധതിയുടെ ഭാഗമായ പുതിയ Stand alone ക്രഷുകൾക്ക് അനുമതി നൽകുവാൻ നിർവാഹമില്ല.<br>സംസ്ഥാനത്ത് 304 അങ്കണവാടി കം ക്രഷ് ആരംഭിക്കുന്നതിന് കേന്ദ്ര സർക്കാർ പ്രോജക്ട് അപ്രൂവൽ ബോർഡിന്റെ അനുമതി ലഭ്യമാകുകയും സംസ്ഥാനത്ത് പ്രസ്തുത പദ്ധതിയ്ക്ക് അനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. ഇത്തരത്തിൽ അങ്കണവാടികളെ, അങ്കണവാടി കം ക്രഷ് ആക്കി മാറ്റുമ്പോൾ അവിടെ ക്രഷിന്റെ പരിധിയിൽ വരുന്ന 6 മാസം മുതലുള്ള കുട്ടികളെ പ്രവേശിപ്പിക്കുന്നതിനും കുട്ടികൾക്ക് അവകാശപ്പെട്ടതും മെച്ചപ്പെട്ടതുമായ ശിശു സംരക്ഷണം ഉറപ്പാക്കുന്നതിനും കുട്ടികളുടെ സംരക്ഷണത്തെക്കുറിച്ചുള്ള ആശങ്കകൾ ഇല്ലാതെ തന്നെ അസംഘടിത മേഖലയിടക്കം ജോലി ചെയ്യുന്ന രക്ഷാകർത്താകൾക്ക് വിവിധ തൊഴിൽ മേഖലകളിൽ ഏർപ്പെടുന്നതിനും സഹായകമാകുന്നതാണ്.<br>തൊഴിലിടങ്ങൾ വനിതാ ശിശു സൗഹൃദമാക്കുക, സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം വർദ്ധിപ്പിക്കുക തുടങ്ങിയ ലക്ഷ്യങ്ങൾ മുൻനിർത്തി സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള വിവിധ വകുപ്പുകൾ പ്രവർത്തിക്കുന്നതും അമ്പതിലധികം ജീവനക്കാർ ജോലി ചെയ്യുന്നതുമായ ഓഫീസ് സമുച്ചയങ്ങളിൽ |

| | | | |
|---|---|---|---|
| | | | ക്രഷ് സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ട ആവശ്യകത കണക്കിലെടുത്ത് വകുപ്പ് മുഖേന 25 ക്രഷുകൾ റീ ഷിഫ്റ്റ് ചെയ്ത് പ്രവർത്തനം ആരംഭിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുള്ളതും ക്രഷ് ഒന്നിന് 2 ലക്ഷം രൂപ വെച്ച് 50 ലക്ഷം രൂപ ഇതിലേയ്ക്കായി അനുവദിച്ച് നൽകുകയും നാളിതുവരെ 24 ക്രഷുകൾ പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.<br><br>**24.07.2024-ലെ സമിതിയോഗം അംഗീകരിച്ചു.** |
| **13.** | **24** | കുട്ടികളുടെ അവകാശങ്ങളും സംരക്ഷണവും ഉത്തമ താൽപ്പര്യവും ലക്ഷ്യമാക്കി വിവിധ സംരംഭങ്ങളെ ഒരു കുടക്കിഴിൽ ഏകോപിപ്പിച്ചുകൊണ്ട് കേന്ദ്ര വനിത ശിശുവികസന വകുപ്പ് മുഖേന സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് സംയോജിത ശിശു സംരക്ഷണ പദ്ധതി(ICPS). ഐ.സി.പി.എസ്സിന്റെ മാർഗ്ഗനിർദ്ദേശങ്ങളിൽ കുട്ടികളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടറുടെയും വിവിധ ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റികളുടെയും ചുമതലകൾക്ക് വ്യക്തതയില്ലാത്തത് ഇവരുടെ പ്രവർത്തനങ്ങളിൽ ആശയക്കുഴപ്പം സൃഷ്ടിക്കുന്നതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഐ.സി.പി.എസ്.-ന്റെ മാർഗ്ഗനിർദ്ദേശങ്ങളിൽ ജില്ലാ കളക്ടറുടെയും വിവിധ ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റികളുടെയും ചുമതലകൾ എന്തെല്ലാമാണെന്ന് | **വനിത ശിശുവികസന (സി) വകുപ്പ്**<br><br>**09/01/2024-ലെ WCD-C3/289/2022-WCD നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട്.**<br><br>ജില്ലാ കളക്ടറുടെയും വിവിധ ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റികളുടെയും ചുമതലകൾ എന്തെല്ലാമാണെന്ന് വ്യക്തമായി നിർവ്വചിച്ചു കൊണ്ട് മിഷൻ വാത്സല്യ Guidelines പ്രകാരം പുതുക്കിയ ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റികൾ രൂപീകരിച്ച് 12.12.2023 ലെ സ.ഉ.(സാധാ) 636/2023/വശിവിവ. ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>**24.07.2024-ലെ സമിതിയോഗം അംഗീകരിച്ചു.** |

| | | | |
|---|---|---|---|
| | | വ്യക്തമായി നിർവ്വചിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | |
| 14. | 25 | അങ്കണവാടി പ്രവർത്തകരുടെയും സൂപ്പർവൈസർമാരുടെയും ഫീൽഡുതല പ്രവർത്തനങ്ങൾക്കും ഭവന സന്ദർശന ങ്ങൾക്കും കുട്ടികളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിൽ വലിയ പങ്ക് നിർവ്വഹിക്കാനാകുമെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ അങ്കണവാടി പ്രവർത്തകർ പോഷകാഹാര വിതരണത്തോടൊപ്പം ഭവന സന്ദർശനങ്ങൾ കൂടി കൃത്യമായ അവസരങ്ങളിൽ നടത്തണമെന്നും കുട്ടികളുടെ സുരക്ഷയ്ക്ക് ഭീഷണിയാകുന്ന സാഹചര്യം ശ്രദ്ധയിൽപ്പെടുന്നപക്ഷം ചൈൽഡ് ലൈൻ പ്രവർത്തകരെ അറിയിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. | **വനിത ശിശുവികസന (ബി) വകുപ്പ്**<br><br>**23.11.2021-ലെ വശിവിവ-ബി1/112/2021-വശിവിവ. നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട്.**<br><br>കോവിഡ് വ്യാപനം നിലനിൽക്കുന്ന പ്രത്യേക സാഹചര്യത്തിൽ 6 മാസം മുതൽ 3 വയസ്സ് വരെയുള്ളതും 3 വയസ്സ് മുതൽ 6 വയസ്സ് വരെ പ്രായമുള്ള കുട്ടികൾ, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ ഉൾപ്പെടെയുള്ള ആകെ 14,85,893 ഗുണഭോക്താക്കൾക്ക് അങ്കണവാടി പ്രവർത്തകർ മുഖേന 31.07.2021 വരെയുള്ള പോഷകാഹാരം നേരിട്ട് വീടുകളിലെത്തിച്ച് നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ അങ്കണവാടി പ്രവർത്തകരും സൂപ്പർവൈസർമാരും നിശ്ചിത ഇടവേളകളിൽ ഭവന സന്ദർശനം നടത്തി ബോധവത്ക്കരണം നടത്തുകയും ആയതിലൂടെ ഗുണഭോക്താക്കളായ സ്ത്രീകളുടെയും കുട്ടികളുടെയും ആരോഗ്യ-മാനസിക സുരക്ഷ ഉറപ്പുവരുത്തുകയും ചെയ്തുവരുന്നു. കോവിഡ് വ്യാപന സാഹചര്യത്തിൽ ഭവന സന്ദർശനം നടത്തുവാൻ കഴിയാത്തതിനാൽ ഈ കാലയളവിൽ ഫോൺ മുഖാന്തരം ഓരോ ഭവനങ്ങളിലും ബന്ധപ്പെടുകയും കുട്ടികൾക്കും കുടുംബങ്ങൾക്കും ആവശ്യമായ മാനസിക പിന്തുണ ഉറപ്പാക്കുകയും ചെയ്തുവരുന്നു. വകുപ്പിന് കീഴിലുള്ള സ്കൂൾ കൗൺസിലർ മുഖേന കൗൺസിലിംഗ് ആവശ്യമുള്ള കുട്ടികൾക്ക് |

| | | | |
|---|---|---|---|
| | | | കൗൺസിലിംഗ് സേവനവും നൽകി വരുന്നുണ്ട്. വകുപ്പിന്റെ കീഴിലുള്ള ക്ഷേമ സ്ഥാപനങ്ങളിൽ താമസിക്കുന്ന കുട്ടികൾക്ക് കൗൺസിലിംഗും ബോധവത്കരണവും നൽകി വരുന്നു.<br><br>**30.03.2022-ലെ സമിതിയോഗം അംഗീകരിച്ചു.** |
| **15.** | **27** | സർക്കാർ ഭൂമി ലഭ്യമല്ലാത്ത സ്ഥലങ്ങളിൽ അങ്കണവാടിക്കായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. എന്നാൽ ചില പ്രദേശങ്ങളിൽ ഫെയർവാല്യൂ, പ്രദേശത്തെ മാർക്കറ്റ് വിലയേക്കാൾ കുറവാണെന്നതിനാൽ ജനങ്ങൾ അങ്കണവാടിക്കായി ഭൂമി കൈമാറാൻ മടിക്കുന്നതായി സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ അങ്കണവാടികൾക്ക് സ്വന്തമായി സ്ഥലം വാങ്ങുന്നതിനായി ഒന്നുകിൽ മാർക്കറ്റ് വിലയ്ക്കോ അല്ലെങ്കിൽ ഫെയർ വാല്യുവിന്റെ നിശ്ചിത ശതമാനം സെലോഷ്യം അനുവദിച്ചോ ഭൂമി വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | **വനിത ശിശു വികസന (ബി) വകുപ്പ്**<br><br>**23.11.2021-ലെ വശിവിവ/ബി1/112/2021-വശിവിവ നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട്**<br><br>അങ്കണവാടികൾക്ക് സ്വന്തമായി സ്ഥലം വാങ്ങുന്നതിനായി ഒന്നുകിൽ മാർക്കറ്റ് വിലയ്ക്കോ അല്ലെങ്കിൽ ഫെയർ വാല്യുവിന്റെ നിശ്ചിത ശതമാനം സെലോഷ്യം അനുവദിച്ചോ അങ്കണവാടി സ്ഥലം വാങ്ങുന്നതിന് ജില്ലാ തലത്തിൽ ഒരു കമ്മിറ്റി രൂപീകരിച്ച് വേണ്ട നടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ച ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു.<br><br>**30.03.2022-ലെ സമിതിയോഗം അംഗീകരിച്ചു.** |
| **16.** | **28** | ICDS മേഖലയിൽ നൂതന പദ്ധതികളും ആധുനിക ഉപകരണങ്ങളും മൊബൈൽ ഫോൺ റിപ്പോർട്ടിംഗ് രീതികളും ആവിഷ്കരിച്ച് കാലോചിതമായ പരിഷ്കാരങ്ങൾ ഏർപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | **വനിത ശിശുവികസന (ബി) വകുപ്പ്**<br><br>**23.11.2021-ലെ വശിവിവ/ബി1/112/2021-വശിവിവ നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട്**<br><br>ന്യൂന പോഷണ വിമുക്ത ഭാരതമായി 2022-ൽ നാം മാറുന്നതിന് വിവിധ |

| | | | |
|---|---|---|---|
| | | | മന്ത്രാലയങ്ങളുടെ പ്രവർത്തനങ്ങളുടെ ഏകോപനം ലക്ഷ്യമിടുന്ന മഹാദൗത്യമാണ് പോഷൺ അഭിയാൻ. അങ്കണവാടികൾ വഴി നൽകപ്പെടുന്ന സേവനങ്ങളുടെ ദാതാക്കളായ അങ്കണവാടി പ്രവർത്തകരാണ് ഇതിന്റെ വിവരങ്ങൾ ശേഖരിക്കുന്നത്. രാജ്യത്തെ എല്ലാ അങ്കണവാടികളിലെയും സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും, വിവരസാങ്കേതിക വിദ്യ ഉപയോഗിച്ച് പൊതുവായ ഒരു ആപ്ലിക്കേഷൻ സോഫ്റ്റ് വെയർ കേന്ദ്ര വനിത ശിശുവികസന മന്ത്രാലയം വികസിപ്പിച്ചെടുത്തിട്ടുണ്ട്. പോഷൺ ട്രാക്കർ എന്ന് പേരിട്ടിരിക്കുന്ന ഈ മേൽനോട്ട സംവിധാനം അങ്കണവാടി പ്രവർത്തകർക്ക് നൽകിയിരിക്കുന്ന സ്മാർട്ട് ഫോണിലാണ് ഇൻസ്റ്റാൾ ചെയ്തിരിക്കുന്നത്. പോഷൺ ട്രാക്കറിലൂടെ തൽസമയ അവലോകനം നടത്തുകയാണ് ലക്ഷ്യം.<br>1. ഓരോ പ്രദേശത്തെ അങ്കണവാടിയിലെ ഗുണഭോക്താക്കളുടെ പേര് അടിസ്ഥാനമാക്കിയുള്ള രജിസ്ട്രേഷൻ.<br>2. മൊബൈൽ ഫോണുകളുടെ സഹായത്തോടെ അങ്കണവാടി പ്രവർത്തകരുടെ കാര്യക്ഷമതയും ഫലപ്രാപ്തിയും മെച്ചപ്പെടുത്തുക.<br>(ഉദാ: ഗർഭിണികൾക്കുള്ള പോഷകാഹാര കൗൺസിലിംഗ്, ഐ. വൈ. സി. എഫ്. രീതികൾ മുതലായവ)<br>3. അങ്കണവാടി പ്രവർത്തകർ വഴി ഗുണഭോക്താക്കൾക്ക് ഗുണനിലവാരവും സമയബന്ധിതവുമായ സേവനങ്ങൾ നൽകുക.<br>4. റിപ്പോർട്ടുകളും തൽസമയ വിവരങ്ങൾ |

| | | | |
|---|---|---|---|
| | | | അടങ്ങിയ ഡാഷ് ബോർഡുകളും നൽകുക. ഒപ്പം പെട്ടെന്നുള്ള നടപടികൾ സ്വീകരിക്കുന്നതിനുള്ള നിർദ്ദേശം നൽകുക എന്നിവയാണ് പോഷണ ട്രാക്കറിന്റെ ഉപയോഗങ്ങൾ.<br>ഈ മൊബൈൽ ആപ്പ് വഴി ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, 6 വയസ്സിന് താഴെയുള്ള കുട്ടികളുടെ വിവരങ്ങൾ real time monitoring നടത്തുന്നതിന്, അങ്കണവാടിയിലെ സൗകര്യങ്ങൾ, ചെക്ക് ലിസ്റ്റ്, കുട്ടികൾ(0-6 months, 6 months-3 yrs, 3-6 yrs), കൗമാരക്കാരായ ആൺകുട്ടികൾ, കൗമാരക്കാരായ പെൺകുട്ടികൾ എന്നീ വിവരങ്ങളാണ് അറിയാനാകുന്നത്.<br><br>**30.03.2022-ലെ സമിതിയോഗം പരിഗണിക്കുകയും അധികവിവരം ആരായുകയും ചെയ്തു.** |

| | | | |
|---|---|---|---|
| | | **<u>സമിതി ആവശ്യപ്പെട്ട അധികവിവരം</u>**<br><br>പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് അങ്കണവാടി ജീവനക്കാർക്ക് ഡിജിറ്റൽ സംവിധാനം ഉറപ്പാക്കുകയും ഫോൺ റീ ചാർജ് ചെയ്യുന്നതിന് പ്രത്യേക അലവൻസ് ഉൾപ്പെടെ അനുവദിക്കുകയും ചെയ്യണമെന്ന് നിർദ്ദേശിച്ചു. | **വനിതാ ശിശു വികസന (ബി) വകുപ്പ്**<br><br>**28.10.2022-ലെ വശിവിവ/ബി1/112/2021-വശിവിവ നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ അധികവിവരം**<br><br>ഗ്രോത്ത് മോണിറ്ററിംഗ് ഡിവൈസുകൾ വഴി അങ്കണവാടി പ്രവർത്തകർ വിശദാംശങ്ങൾ ശേഖരിക്കുകയും സ്മാർട്ട് ഫോണുകൾ വഴി പോഷൻ ട്രാക്കർ ആപ്ലിക്കേഷനിൽ അപ് ലോഡ് ചെയ്യുകയും ചെയ്യുന്നു. പോഷൻ ട്രാക്കർ ആപ്ലിക്കേഷൻ NNM വഴി നിയോഗിച്ച ജീവനക്കാരായ DC, BCO, ഐ.സി.ഡി.എസ് സൂപ്പർവൈസർ, സി.ഡി.പി.ഒ, പ്രോഗ്രാം ഓഫീസർ തുടങ്ങിയവർ നിരീക്ഷിക്കുന്നു. എല്ലാ മാസവും ബി.എസ്.എൻ.എൽ. മൊബൈൽ സിം ഡയറക്ടറേറ്റ് തലത്തിൽ റീ ചാർജ്ജ് ചെയ്തു നൽകുന്നു. ടി ആവശ്യത്തിന് പുതിയ Guideline പ്രകാരം 2000/- രൂപ അങ്കണവാടി പ്രവർത്തകർക്ക് നൽകാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. 6.6492 കോടി രൂപ മൊബൈൽ റിപ്പയറിംഗിനും ബാറ്ററി ചാർജ്ജിനും അനുവദിച്ചിട്ടുണ്ട്. GMD (വളർച്ച നിരീക്ഷണ ഉപകരണങ്ങൾ) റിപ്പയർ ചെയ്യുന്നതിനും ബാറ്ററി ചാർജ്ജിംഗിനുമായി 1.3246 കോടി രൂപ അനുവദിച്ചിട്ടുണ്ട്. NNM ജീവനക്കാർക്കും ഐസിഡിഎസ് ഉദ്യോഗസ്ഥർക്കും പോഷൻ ട്രാക്കർ ആപ്ലിക്കേഷനിൽ പൂർണ്ണമായ അറിവ് നൽകുന്നതിനായി 18.07.2022 മുതൽ 22.07.2022 വരെ 5 ദിവസത്തെ പരിശീലനം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | **27.12.2022-ലെ സമിതിയോഗം അംഗീകരിച്ചു.** |
| **17.** | **29** | അങ്കണവാടികൾ കാലോചിതമായി | **വനിത ശിശുവികസന (ബി) വകുപ്പ്** |

| | | | |
|---|---|---|---|
| | | പരിഷ്കരിക്കരിക്കുന്നതോടൊപ്പം അതിനനുസരിച്ച് പ്രാപ്തരായ അങ്കണവാടി പ്രവർത്തകർ കൂടി ഉണ്ടാകേണ്ടതാണെന്ന് സമിതി നിരീക്ഷിക്കുന്നു. അങ്കണവാടി പ്രവർത്തകരുടെ യോഗ്യതാ മാനദണ്ഡങ്ങളിലും തെരഞ്ഞെടുപ്പ് രീതിയിലും മാറ്റങ്ങൾ വരുത്തേണ്ടത് അനിവാര്യമാണെന്ന് സമിതി കരുതുന്നു. ആയതിനാൽ അങ്കണവാടി പ്രവർത്തകരുടെ വിദ്യാഭ്യാസ യോഗ്യത കുറഞ്ഞത് പ്ലസ് ടൂ ആയി ഉയർത്തണമെന്നും ശിശുപരിപാലന കോഴ്സുകൾ പാസ്സായവർക്ക് മുൻഗണന നൽകണമെന്നും പി.എസ്.സി. മുഖേനയുള്ള എഴുത്തുപരീക്ഷയുടെ അടിസ്ഥാനത്തിലാവണം നിയമനമെന്നും സമിതി ശിപാർശ ചെയ്യുന്നു. | **23.11.2021-ലെ വശിവിവ-ബി1/112/2021-വശിവിവ. നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട്.**<br><br>അങ്കണവാടി കാലോചിതമായി പരിഷ്കരിക്കരിച്ചുവരുന്നതിന്റെ ഭാഗമായി കഴിവുറ്റ അങ്കണവാടി പ്രവർത്തകർ അത്യാവശ്യമാണ്. ആയതിനാൽ, അങ്കണവാടി പ്രവർത്തകരുടെ യോഗ്യത +2 ആയി ഉയർത്തിയും ശിശുപരിപാലന കോഴ്സും കമ്പ്യൂട്ടർ പരിജ്ഞാനവും യോഗ്യതയിൽ ഉൾപ്പെടുത്തിക്കൊണ്ടും അങ്കണവാടി പ്രവർത്തകരുടെ യോഗ്യതാ മാനദണ്ഡങ്ങളിലും തെരഞ്ഞെടുപ്പ് രീതിയിലും മാറ്റം വരുത്തി ലഭ്യമാക്കിയിട്ടുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. സംയോജിത ശിശു വികസന സേവന പദ്ധതിയുടെ ഭാഗമായി ഹോണറേറിയം കൈപ്പറ്റുന്ന ജീവനക്കാരായതിനാൽ തന്നെ പി.എസ്.സി. വഴി ഇവരുടെ നിയമനം നടത്തുവാൻ കഴിയില്ല. ആയതിനാൽ പി.എസ്.സി. മാതൃകയിൽ സോഫ്റ്റ് വെയർ തയ്യാറാക്കി എഴുത്തുപരീക്ഷ നടത്തി അങ്കണവാടി ജീവനക്കാരെ തെരഞ്ഞെടുക്കുന്നതിനുള്ള അനുമതി അഭ്യർത്ഥിച്ചിട്ടുണ്ട്.<br><br>**30.03.2022-ലെ സമിതിയോഗം അംഗീകരിക്കുകയും അധിക വിവരം ആരായുകയും ചെയ്തു.** |
| | | <u>സമിതി ആവശ്യപ്പെട്ട അധികവിവരം</u><br>അങ്കണവാടികൾക്ക് വേണ്ടി ഭൂമി വിട്ടുനൽകുന്നവരുടെ ആശ്രിതർക്ക് നൽകിവരുന്ന നിയമനങ്ങൾ | **വനിത ശിശു വികസന (ബി) വകുപ്പ് 30.07.2025-ലെ WCD/B2/174/2021-WCD നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട്.**<br>അങ്കണവാടി നിർമ്മാണത്തിന് സൗജന്യമായി സ്ഥലം നൽകിയിട്ടുള്ള |

| | | | |
|---|---|---|---|
| | | വേഗത്തിലാക്കാൻ വകുപ്പിനോട് ആവശ്യപ്പെട്ടത് സംബന്ധിച്ച അധികവിവരം. | അങ്കണവാടി ജീവനക്കാർ വിരമിക്കുന്ന ഒഴിവിൽ അവരുടെ ഒരു ആശ്രിതയ്ക്ക് നിലവിലുള്ള യോഗ്യതാ മാനദണ്ഡങ്ങളനുസരിച്ച് അങ്കണവാടി ജീവനക്കാരിയായി നിയമനം നൽകുന്നതിന്, മുൻപ് അനുമതി നൽകിയിരുന്നു. അതുപോലെ, അങ്കണവാടിയ്ക്കായി സ്ഥലം സൗജന്യമായി വിട്ടുനൽകുന്ന അങ്കണവാടി ജീവനക്കാരിയല്ലാത്ത വ്യക്തിക്കോ അല്ലെങ്കിൽ നിയമാനുസൃത ആശ്രിതയ്ക്കോ യോഗ്യത അനുസരിച്ച് അങ്കണവാടിയിൽ നിയമനം നൽകുന്നതിനും മുൻപ് സാധിക്കുമായിരുന്നു. നിലവിൽ 60%ൽ അധികം അങ്കണവാടികൾക്ക് കെട്ടിടം ഉള്ളതിനാലും കൂടാതെ അങ്കണവാടി കെട്ടിടനിർമ്മാണത്തിന് പുറമ്പോക്ക് ഭൂമി, ഇതര വകുപ്പുകളുടെ ഭൂമി, മറ്റ് സർക്കാർ ഭൂമി എന്നിവയും ലഭിച്ച് വരുന്നതിനാലും സ്വന്തമായി കെട്ടിടമില്ലാത്ത അങ്കണവാടികളുടെ എണ്ണത്തിൽ പദ്ധതി ആരംഭിച്ച വർഷത്തിൽ നിന്നും കുറവ് വന്നതിനാലും അങ്കണവാടിയ്ക്കായി സ്ഥലം ദാനം ചെയ്തവർക്കോ അവരുടെ ആശ്രിതർക്കോ ഉള്ള നിയമനത്തിനുള്ള സീനിയോറിറ്റി ലിസ്റ്റിൽ, സംസ്ഥാനത്തൊട്ടാകെ നിയമനത്തിനായി കാത്തിരിക്കുന്ന 1700-ൽ പരം വ്യക്തികൾ ഉള്ളതിനാലും ഭാവിയിൽ നിയമനം പ്രതീക്ഷിച്ച് സ്ഥലം ലഭിക്കാനുള്ള സാധ്യത വിരളമായതിനാലും പദ്ധതി ആരംഭിച്ച സമയത്തെ ലക്ഷ്യം കൈവരിക്കാൻ സാധ്യതയുള്ളതായി കാണാത്തതിനാലും പദ്ധതി വകുപ്പിന് ഗുണകരമല്ലെന്ന് വനിത ശിശുവികസന വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്യുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ, നിലവിൽ |

| | | | |
|---|---|---|---|
| | | | അങ്കണവാടികൾക്കായി കെട്ടിടം നിർമ്മിക്കുന്നതിന് ഭൂമി വിട്ടുനൽകുന്നവരുടെ ആശ്രിതർക്ക് തൊഴിൽ നൽകുന്ന പദ്ധതി നിർത്തലാക്കുന്നതിന് ഉത്തരവ് തീയതി മുതൽ പ്രാബല്യം ഉണ്ടായിരിക്കുന്നതാണെന്നും ഉത്തരവ് തീയതിവരെ ജോലിക്കായി സമർപ്പിച്ചിട്ടുള്ള അപേക്ഷകളിൽ നിയമനാധികാരി അർഹത പരിശോധിച്ച് തുടർനടപടി സ്വീകരിക്കേണ്ടതാണെന്നും കോടതി വ്യവഹാരങ്ങൾ നടക്കുന്ന കേസുകളിൽ ബഹു. കോടതി വിധികൾക്ക് അനുസൃതമായി നിയമനാധികാരി തുടർനടപടി പരിശോധിച്ച് തീരുമാനിക്കേണ്ടതാണെന്നുമുള്ള ഉപാധികളോടെ സ.ഉ.(കൈ) നം. 5/2025/WCDD, തീയതി - 29/01/2025 **(അനുബന്ധം-എ)** പ്രകാരം നിർത്തലാക്കിയിട്ടുള്ളതാണ്.<br><br>**29.10.2025-ലെ സമിതിയോഗം അംഗീകരിച്ചു.** |
| **18.** | **30** | കുട്ടികളുടെ ക്ഷേമം/സുരക്ഷ എന്നിവ ലക്ഷ്യമാക്കി നിരവധി സംഘടനകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നതായി സമിതി മനസ്സിലാക്കുന്നു. എന്നാൽ ഇവയിൽ പലതും സൊസൈറ്റി രജിസ്ട്രേഷൻ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യാതെ പ്രവർത്തിക്കുന്ന-വയാണെന്നും ഇവയെക്കുറിച്ച് അന്വേഷണം നടത്തുവാനോ നിയമനടപടി സ്വീകരിക്കുവാനോ രജിസ്ട്രേഷൻ വകുപ്പിന് അധികാരമില്ലെന്നും സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ | **വനിത ശിശുവികസന (ബി) വകുപ്പ്**<br><br>**23.11.2021-ലെ വശിവിവ-ബി1/112/2021-വശിവിവ നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട്.**<br><br>2015-ലെ ജുവനൈൽ ജസ്റ്റിസ് (കെയർ ആന്റ് പ്രൊട്ടക്ഷൻ ഓഫ് ചിൽഡ്രൻ) ആക്ടി ലെ വകുപ്പ് 41(1) അനുസരിച്ച് സർക്കാരിന്റെയോ സന്നദ്ധ സംഘടനകളുടെയോ നോൺ ഗവ. ഓർഗനൈസേഷനുകളുടെയോ ആഭിമുഖ്യ-ത്തിലുള്ളതും ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ളതോ നിയമവുമായി |

| | | | |
|---|---|---|---|
| | | ഇത്തരത്തിൽ രജിസ്ട്രേഷനില്ലാതെ പ്രവർത്തിക്കുന്ന സംഘടനകളെക്കുറിച്ച് സമഗ്ര അന്വേഷണം നടത്തണമെന്നും അവ കുട്ടികളെ യാതൊരുതരത്തിലും ചൂഷണം ചെയ്യുന്നില്ലെന്ന് ഉറപ്പ് വരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | പൊരുത്തപ്പെടാത്തതോ ആയ കുട്ടികൾക്ക് ഭാഗികമായോ മുഴുവനായോ സംരക്ഷണം നൽകുന്നതുമായ സ്ഥാപനങ്ങൾ അവ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സഹായം ലഭിച്ചുകൊണ്ടിരിക്കുന്നതായാലും അല്ലെങ്കിലും നിർബന്ധമായും രജിസ്റ്റർ വ്യവസ്ഥ ചെയ്തിരിക്കുന്നു. 05.06.2017-ലെ WP(C)102/07 നമ്പർ ഖണ്ഡിക 62-(2) വിധി ന്യായത്തിലൂടെ എല്ലാ ചൈൽഡ് കെയർ സ്ഥാപനങ്ങളും ജെ.ജെ. ആക്ട് പ്രകാരമുള്ള രജിസ്ട്രേഷൻ നേടണം എന്ന് നിഷ്കർഷിക്കുന്നുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ എല്ലാ ചൈൽഡ് കെയർ സ്ഥാപനങ്ങളും രജിസ്ട്രേഷൻ എടുക്കുകയും രജിസ്ട്രേഷൻ ഇല്ലാത്ത സ്ഥാപങ്ങൾ അടച്ചുപൂട്ടുന്നതിന് ജില്ലാ ശിശു വികസന സംരക്ഷണ ഓഫീസർമാർ നടപടി സ്വീകരിക്കുകയും ചെയ്തു വരുന്നു.<br><br>**30.03.2022-ലെ സമിതി യോഗം അംഗീകരിച്ചു.** |
| **19.** | **31** | ബാലനീതി നിയമം 2015-ൽ, രാജ്യത്തെ എല്ലാ ശിശു സംരക്ഷണ സ്ഥാപനങ്ങളും പ്രസ്തുത നിയമപ്രകാരം രജിസ്റ്റർ ചെയ്തിരിക്കണം എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. രാജ്യത്തെ എല്ലാ ശിശുസംരക്ഷണ സ്ഥാപനങ്ങളും ബാലനീതി നിയമം 2015 പ്രകാരം 31.12.2017-നകം രജിസ്റ്റർ ചെയ്തിരിക്കണമെന്ന് ബഹു. സുപ്രീം കോടതിയും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ | **വനിത ശിശുവികസന (ബി) വകുപ്പ്**<br><br>**09.01.2024-ലെ WCD-C3/289/2022-WCD നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട്**<br><br>സംസ്ഥാനത്ത് കുട്ടികളെ പാർപ്പിക്കുന്ന എല്ലാ സ്ഥാപനങ്ങളും ബാലനീതി നിയമപ്രകാരം രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ വകുപ്പ് തലത്തിൽ സ്വീകരിച്ചിട്ടുണ്ട്. ആയത് പ്രകാരം സംസ്ഥാനത്ത് ആകെ 594 സ്ഥാപനങ്ങൾ ജുവനൈൽ ജസ്റ്റിസ് ആക്റ്റ് പ്രകാരം |

| | | | |
|---|---|---|---|
| | | ചാരിറ്റബിൾ സ്ഥാപനങ്ങൾ നടത്തുന്ന ശിശു സംരക്ഷണ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്താൽ മാത്രം മതിയെന്നും, ബാലനീതി നിയമം 2015-ലും ചട്ടങ്ങളിലും നിഷ്കർഷിച്ചിട്ടുള്ള അടിസ്ഥാന സൗകര്യങ്ങൾ നൽകണമെന്ന് നിർബന്ധിക്കാൻ സർക്കാരിന് കഴിയുകയില്ലെന്നും ബഹു. ഹൈക്കോടതി വിധി പ്രസ്താവിച്ചിട്ടുള്ളത് ബാലനീതി നിയമം കർശനമായി നടപ്പാക്കുന്നതിൽ പ്രയാസം സൃഷ്ടിക്കുന്നതായി സമിതി മനസ്സിലാക്കുന്നു. കൂടാതെ, ഓർഫനേജ് കൺട്രോൾ ബോർഡിന്റെ കീഴിൽ രജിസ്റ്റർ ചെയ്തിരുന്ന പല സ്ഥാപനങ്ങളും ഹോസ്റ്റലുകളായി മാറ്റിയിട്ടുണ്ടെന്നും ഹോസ്റ്റലുകളെ നിയന്ത്രിക്കുന്നതിന് പ്രത്യേക നിയമം ഇല്ലാത്ത സാഹചര്യമാണുള്ളതെന്നും സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ ഇത്തരം സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിനാവശ്യമായ നിയമ നിർമ്മാണം നടത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്നുണ്ട്.<br><br>ശ്രദ്ധയും പരിചരണവും ആവശ്യമായ കുട്ടികളെ താമസിപ്പിക്കുന്ന ഇതുവരെ രജിസ്റ്റർ ചെയ്യാത്ത സ്ഥാപനങ്ങൾക്കെതിരെ വകുപ്പ് തലത്തിൽ നടപടി സ്വീകരിക്കുന്നതാണ്. കൂടാതെ ഹോസ്റ്റലുകൾ നിയന്ത്രിക്കുന്നതിന് പ്രത്യേക നിയമം കൊണ്ടുവരുന്ന വിഷയം ബന്ധപ്പെട്ട വകുപ്പ് മുഖേന സ്വീകരിക്കുന്ന സാഹചര്യത്തിൽ വകുപ്പിന്റെ സഹകരണം ഉറപ്പാക്കുന്നതാണ്.<br><br>**(ഖണ്ഡിക 31, 32 എന്നിവയ്ക്കുള്ള മറുപടി)**<br><br>**24.07.2024-ലെ സമിതി യോഗം അംഗീകരിച്ചു.** |
| **20.** | **32** | എല്ലാ ജില്ലകളിലും ഷെൽട്ടർ ഹോമുകൾ ഇല്ലെന്നതും പ്രത്യേക പരിചരണം ആവശ്യമുള്ള കുട്ടികൾക്കായി മാത്രമുള്ള ഹോമുകൾ ഇല്ലെന്നതും ഒരു പോരായ്മയായി സമിതി ചൂണ്ടിക്കാട്ടുന്നു. ഈ പോരായ്മകൾ പരിഹരിക്കുവാൻ സത്വര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | |

| | | | |
|---|---|---|---|
| 21. | 33 | ചൈൽഡ് കെയർ സ്ഥാപനങ്ങളിലെ കുട്ടികൾക്ക് സ്കിൽ ഡവലപ്മെന്റിന് നിലവിൽ പ്രത്യേക തുക അനുവദിച്ചിട്ടില്ലാത്തതിനാൽ ആയത് അടിയന്തരമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | **വനിത ശിശുവികസന (സി) വകുപ്പ്**<br><br>**09.01.2024-ലെ WCD-C3/289/2022-WCD നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട്.**<br><br>ചൈൽഡ് കെയർ സ്ഥാപനങ്ങളിലെ കുട്ടികൾക്ക് ആഫ്റ്റർ കെയർ പ്രോഗ്രാമിന്റെ ഭാഗമായി എച്ച്.എൽ.എഫ്.പി.പി.റ്റി.-യുടെ നേതൃത്വത്തിൽ സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാമുകൾ സംഘടിപ്പിക്കുന്നുണ്ട്. കൂടാതെ ഔർ റസ്പോൺസിബിലിറ്റി പദ്ധതിയുടെ ഭാഗമായി കുട്ടികളിൽ നൈപുണ്യ വികസനം സാധ്യമാക്കുന്നതിനായി SMART i പ്രോഗ്രാം നടത്തിവരുന്നുണ്ട്. കൂടാതെ കലാ-കായിക ഇനങ്ങൾക്കായി ഓരോ ചിൽഡ്രൻസ് ഹോമുകൾക്കും പ്രത്യേകം തുക മുൻകൂറായി നൽകി വരുന്നു.<br>**24.07.2024-ലെ സമിതിയോഗം അംഗീകരിച്ചു.** |
| 22. | 34 | സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റിയിൽ (SCPS) മതിയായ ജീവനക്കാരില്ലെന്നതും എസ്.സി.പി.എസ്. ഗൈഡ്‌ലൈൻ പ്രകാരം ഇവിടെ കരാർ നിയമനം മാത്രമേ അനുവദിക്കുകയുള്ളൂ എന്നതും ജീവനക്കാരുടെ തുടർസേവനം ലഭിക്കാത്തത് എസ്.സി.പി.എസ്-ന്റെ പ്രവർത്തനത്തേയും കാര്യക്ഷമതയേയും ബാധിക്കുന്നുണ്ടെന്നും സമിതി നിരീക്ഷിക്കുന്നു. ഇവിടെ സേവത്തിനു മുടക്കം വരാത്തവിധം ആവശ്യത്തിനു ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി | **വനിത ശിശുവികസന (സി) വകുപ്പ്**<br>**11.06.2024-ലെ WCD-C3/289/2022-WCD നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട്.**<br><br>ശിശു സംരക്ഷണ പദ്ധതി പൂർണ്ണമായും സൊസൈറ്റി സംവിധാനത്തിലേയ്ക്ക് കൊണ്ടു വന്നാൽ ഉണ്ടാകുന്ന സാമ്പത്തിക ബാധ്യത, പദ്ധതിയ്ക്ക് കീഴിൽ ജോലി നോക്കുന്ന കരാർ ജീവനക്കാർക്ക് ആവശ്യമായ അവധി, ഓരോ കരാർ കാലാവധി ഒരു വർഷത്തിൽ നിന്നും 3 വർഷമായി വർദ്ധിപ്പിയ്ക്കുക, കരാർ ജീവനക്കാർക്കുള്ള ടി.എ./ഡി.എ. ആനുകൂല്യങ്ങൾ എന്നിവ സംബന്ധിച്ചുള്ള വിശദമായ പ്രൊപ്പോസൽ ഡയറക്ടറേറ്റ് |

| | | | |
|---|---|---|---|
| | | ശിപാർശ ചെയ്യുന്നു. | തലത്തിൽ തയ്യാറാക്കി വരുന്നു. ആയത് സർക്കാരിന് സമർപ്പിയ്ക്കുന്ന മുറയ്ക്ക് വിഷയം പരിശോധിച്ച് ഉചിതമായ നടപടി കൈക്കൊള്ളുന്നതായിരിക്കും.<br>**24.07.2024-ലെ സമിതിയോഗം അംഗീകരിച്ചു.** |
| **23.** | **35** | എല്ലാ ജില്ലയിലുമുള്ള ചൈൽഡ് വെൽഫയർ കമ്മിറ്റികളിലും ഓരോ സെക്രട്ടറി തസ്തിക വീതം അനുവദിക്കണമെന്നും സംസ്ഥാന തലത്തിലും ജില്ലാ തലത്തിലുമുള്ള ഇൻസ്പെക്ഷൻ കമ്മിറ്റികളിലെ അംഗങ്ങൾക്ക് ഓണറേറിയം അനുവദിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | **വനിത ശിശുവികസന (സി) വകുപ്പ്**<br>**09.01.2024-ലെ WCD-C3/289/2022-WCD നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട്.**<br>ചൈൽഡ് വെൽഫയർ കമ്മിറ്റികളിൽ സ്ഥിരം സെക്രട്ടറി തസ്തിക അനുവദിച്ചിട്ടില്ല.<br>**24.07.2024-ലെ സമിതിയോഗം അംഗീകരിച്ചു.** |
| **24.** | **36** | വിവിധ കാരണങ്ങളാൽ ചിൽഡ്രൻസ് ഹോമുകളിൽ കഴിയുന്ന പല കുട്ടികളെയും സംരക്ഷിക്കണമെന്ന് ബന്ധുക്കൾക്ക് ആഗ്രഹമുണ്ടെങ്കിലും സാമ്പത്തിക ബുദ്ധിമുട്ടാണ് അവരെ അതിൽ നിന്നും പിന്തിരിപ്പിക്കുന്നത്. ഈ സാഹചര്യം ഒഴിവാക്കുന്നതിനായി ഇത്തരം കുട്ടികൾക്ക് സർക്കാർ നൽകുന്ന സാമ്പത്തിക സഹായം അവരെ സംരക്ഷിക്കാൻ തയ്യാറാകുന്ന ബന്ധുക്കൾക്ക് നൽകുന്ന പദ്ധതിയാണ് 'കിൻഷിപ്പ് ഫോസ്റ്റർ കെയർ'. ഇതുവഴി 'സ്ഥാപന സംരക്ഷണം അവസാന അഭയമാർഗ്ഗം' എന്ന ബാലനീതി നിയമത്തിന്റെ അടിസ്ഥാന തത്വം ഒരു പരിധിവരെ ഉറപ്പുവരുത്താൻ കഴിയുന്നു. എന്നാൽ ഈ പദ്ധതിക്ക് | **വനിത ശിശുവികസന (സി) വകുപ്പ്**<br>**09.01.2024-ലെ WCD-C3/289/2022-WCD നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട്.**<br>കിൻഷിപ്പ് ഫോസ്റ്റർ കെയറിൽ നിലവിൽ ഒരു കുട്ടിക്ക് പ്രതിമാസം 2000/- രൂപ വീതമാണ് അനുവദിച്ചു വരുന്നത്. മിഷൻ വാത്സല്യ പദ്ധതി പ്രകാരം കേന്ദ്ര ഫോസ്റ്റർകെയർ പദ്ധതിയിൽ ഉൾപ്പെടുത്തി കുട്ടികളെ പുനരധിവസിപ്പിക്കുന്നതിനായി നിലവിൽ ഫണ്ട് ലഭ്യമാണ് എന്നിരിക്കെ നിലവിലെ സാഹചര്യത്തിൽ കിൻഷിപ്പ് ഫോസ്റ്റർ കെയറിനായി തുക വർദ്ധിപ്പിക്കേണ്ട സാഹചര്യമില്ല.<br>**24.07.2024-ലെ സമിതിയോഗം അംഗീകരിച്ചു.** |

| | | | |
|---|---|---|---|
| | | നീക്കിവയ്ക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ കിൻഷിപ്പ് ഫോസ്റ്റർ കെയറിന് അനുവദിക്കുന്ന തുക വർദ്ധിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | |
| 25. | 37 | സംസ്ഥാനത്ത് ദത്തെടുക്കൽ സംബന്ധിച്ച കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിനും നിയന്ത്രിക്കുന്നതിനും വേണ്ടി സ്റ്റേറ്റ് അഡോപ്ഷൻ റിസോഴ്സ് ഏജൻസി (SARA)യുടെ നിയന്ത്രണത്തിൽ സന്നദ്ധ സംഘടനകൾ നടത്തുന്ന 17 ദത്തെടുക്കൽ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ദത്തെടുക്കലിന് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ ബാലനീതി നിയമത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ചില സ്ഥാപനങ്ങൾ അനധികൃതമായി കുട്ടികളെ ദത്തു നൽകുന്നുണ്ടെന്നത് ഗൗരവതരമായ വസ്തുതയാണെന്ന് സമിതി നിരീക്ഷിക്കുന്നു. ദത്തെടുക്കലിന് ആവശ്യമുള്ള കുട്ടികളുടെ എണ്ണവും ലഭ്യമാകുന്ന കുട്ടികളുടെ എണ്ണവും തമ്മിലുള്ള അന്തരമാണ് അനധികൃത ദത്തെടുക്കലിന്റെ ഒരു കാരണം. ഇങ്ങനെ അനധികൃതമായി ദത്തെടുക്കപ്പെടുന്ന കുട്ടികളുടെ സുരക്ഷ ആശങ്കയുളവാക്കുന്നതാണ്.<br>ആയതിനാൽ അനധികൃതമായി ദത്തു നൽകുന്ന സ്ഥാപനങ്ങൾക്കെതിരെ അന്വേഷണം നടത്തി നടപടി സ്വീകരിക്കണമെന്ന് സമിതി | **വനിത ശിശുവികസന (സി) വകുപ്പ്**<br><br>**09.01.2024-ലെ WCD-C3/289/2022-WCD നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട്.**<br><br>അനധികൃതമായി ദത്തെടുക്കൽ നടത്തിയ സ്ഥാപനങ്ങൾക്കെതിരെ കർശനമായ നടപടി സ്വീകരിക്കുകയും ദത്തെടുക്കൽ മേഖല സുതാര്യമാക്കുന്നതിന്റെ ഭാഗമായി നിലവിൽ പ്രവർത്തിച്ചു വരുന്ന സ്ഥാപനങ്ങളുടെ ലൈസൻസിന്റെ കാലാവധി അവസാനിക്കുമ്പോൾ പുതിയ സ്പെഷ്യലൈസ്ഡ് അഡോപ്ഷൻ ഏജൻസിയെ (SAA) തെരെഞ്ഞെടുക്കുന്നതിന് Expression of interest വിളിയ്ക്കുകയും ലഭ്യമാകുന്ന അപേക്ഷകൾ ജില്ലാ വനിത ശിശുവികസന ഓഫീസർ, ജില്ലാ ശിശു സംരക്ഷണ ഓഫീസർ, എസ്.സി.പി.എസ്. അംഗങ്ങൾ അടങ്ങുന്ന ടീം പരിശോധിക്കുകയും റിപ്പോർട്ട് ജെ.ജെ. കമ്മിറ്റിയ്ക്ക് സമർപ്പിയ്ക്കുകയും കമ്മിറ്റി ശിപാർശ ചെയ്യുന്ന സ്ഥാപനങ്ങളെ വകുപ്പിന്റെ സെക്രട്ടറി അദ്ധ്യക്ഷനായുള്ള ടെക്നിക്കൽ കമ്മിറ്റി കൂടി വിലയിരുത്തിയ ശേഷം മാത്രമെ പുതിയ SAA-യെ തെരെഞ്ഞെടുക്കുകയുള്ളൂ. SAA-യുടെ പ്രവർത്തനം വിലയിരുത്തി ജില്ലാ ശിശു സംരക്ഷണ ഓഫീസറുടെ |

| | | | |
|---|---|---|---|
| | | ശിപാർശ ചെയ്യുന്നു. | നേതൃത്വത്തിലുള്ള ടീമും ജില്ലാതല ഇൻസ്പെഷൻ കമ്മിറ്റിയുടെ നേതൃത്വത്തിലുള്ള ടീമും അന്വേഷണം നടത്തി അനധികൃതമായ ദത്തെടുക്കൽ തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>**24.07.2024-ലെ സമിതി യോഗം അംഗീകരിച്ചു.** |
| **26.** | **38** | സംസ്ഥാനത്ത് പല സ്വകാര്യ പാർക്കുകളിലും വിവിധ മേളകളോടനുബന്ധിച്ചും ആകാശ ഊഞ്ഞാലിൽ നിന്നും മറ്റു റൈഡുകളിൽ നിന്നും വീണ് നിരവധി കുട്ടികൾക്ക് പരിക്കേൽക്കുകയും മരണം സംഭവിക്കുകയും ചെയ്ത വാർത്തകൾ സമിതിയുടെ ശ്രദ്ധയിൽപ്പെടുകയും സമിതി സ്വമേധയാ അവ പരാതിയായി സ്വീകരിക്കുകയും കർശന നടപടി സ്വീകരിക്കാൻ ബന്ധപ്പെട്ട വകുപ്പുകളോട് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരം മിക്ക റൈഡുകളും അനധികൃതമായും വേണ്ടത്ര സുരക്ഷാ മുൻകരുതലില്ലാതെയുമാണ് നടത്തി വന്നിരുന്നതെന്നും അധികൃതരുടെ അനാസ്ഥയും നിസംഗതയും നിയമങ്ങളിലെ പോരായ്മയുമാണ് ഇതിന് പിന്നിലെന്നും വകുപ്പുതല മറുപടികളിൽ നിന്നും സമിതി മനസ്സിലാക്കുന്നു.<br>ഉയരങ്ങളിലെത്തേണ്ട ഒരു കുരുന്നു ജീവിതം പോലും ഇത്തരത്തിൽ | **ആഭ്യന്തര (ജി) വകുപ്പ്**<br><br>**29.10.2021-ലെ ജി3/242/ആഭ്യന്തരം നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട്.**<br><br>സംസ്ഥാനത്ത് പല സ്വകാര്യ പാർക്കുകളിലും വാണിജ്യമേളകളിലും ഉത്സവങ്ങളിലും മറ്റും കുട്ടികളെ ആകർഷിക്കുന്ന തരത്തിലുള്ള റൈഡുകൾക്കുള്ള അനുമതിയുമായി ബന്ധപ്പെട്ട് കെ.എസ്.ഇ.ബി. മറ്റ് സാങ്കേതിക വകുപ്പുകൾ എന്നിവയുടെ പരിശോധന പൂർത്തിയാക്കി ഫിറ്റ്നസ് സർട്ടിഫിക്കറ്റുകൾ ഹാജരാക്കിയാൽ ഇത്തരക്കാർക്ക് ലൈസൻസിന് എൻ.ഒ.സി. നൽകാവുന്നതാണ്. സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടാണോ ഇവ നടത്തിവരുന്നതെന്ന് നിരീക്ഷിക്കുകയും സുരക്ഷാ മുൻകരുതലുകൾ പാലിക്കാത്തവർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിക്കുകയും, ഏതെങ്കിലും ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നും വീഴ്ചയുണ്ടായതായി ബോധ്യപ്പെട്ടാൽ അവരുടെ പേരിൽ കർശന നടപടികൾ സ്വീകരിക്കുന്നതുമാണ്. |

| | | | |
|---|---|---|---|
| | | വീണ്ടയരുതെന്ന് സമിതിക്ക് നിർബന്ധമുണ്ട്. ആയതിനാൽ ഇത്തരം കാർണിവലിനും സ്വകാര്യ പാർക്കുകൾക്കും അനുമതി നൽകുമ്പോൾ അവയിലെ യന്ത്രങ്ങളുടെ പ്രവർത്തന ക്ഷമതയും സുരക്ഷിതത്വവും ഉറപ്പുവരുത്തണമെന്നും പോലീസ്, ഫയർഫോഴ്സ്, KSEB തുടങ്ങിയവയിൽ നിന്നും നിരാക്ഷേപപത്രം വാങ്ങിയതിനു ശേഷം മാത്രമേ ഇത്തരം മേളകളിൽ അപകടകരമായ റൈഡുകൾ നടത്തുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് ലൈസൻസ് നൽകാവൂ എന്നും ഇതിനാവശ്യമായ നിയമഭേദഗതി വരുത്തേണ്ടതാണെന്നും സമിതി കർശന നിർദ്ദേശം നൽകുന്നു. ഇത്തരം റൈഡുകളിൽ നിന്ന് കുട്ടികൾ വീണുമരിക്കുന്നതുപോലെയുള്ള സംഭവങ്ങൾ ഉണ്ടായാൽ, റൈഡുകൾ പ്രവർത്തിക്കുന്നതിന് ലൈസൻസ് നൽകിയത് ക്രമപ്രകാരം അല്ലെങ്കിൽ, ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ മനഃപൂർവ്വമായ നരഹത്യക്ക് കേസെടുക്കണമെന്നും അവരിൽ നിന്നുകൂടി നഷ്ടപരിഹാരം ഈടാക്കണമെന്നും സമിതി ശക്തമായി ശിപാർശ ചെയ്യുന്നു. | സംസ്ഥാനത്തെ പല സ്വകാര്യ പാർക്കുകളിലും മേളയോടനുബന്ധിച്ച് സ്ഥാപിക്കുന്ന ആകാശ ഊഞ്ഞാലുകളിൽ നിന്നും റൈഡുകളിൽ നിന്നും വീണ് അപകടം സംഭവിക്കുന്നതിന്റെ അടിസ്ഥാനത്തിൽ ഇത്തരത്തിലുള്ള റൈഡുകൾ പ്രവർത്തിപ്പിക്കുന്നതിന് മുന്നോടിയായി സ്വീകരിക്കേണ്ട സുരക്ഷാ മുൻകരുതലുകൾ ഡയറക്ടർ ജനറൽ ഓഫ് ഫയർ & റെസ്ക്യൂ സർവ്വീസ്സിൽ നിന്നുകൂടി അനുമതി വാങ്ങിയിരിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്.<br>WP(C) നം.5673/21 തീയതി 28.02.2019-ലെ ഹൈക്കോടതി വിധിപ്രകാരം, അമ്യൂസ്മെന്റ് റൈഡുകൾക്ക് ലൈസൻസ് അനുവദിക്കുന്നതിന് സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. അഗ്നിശമനസേന വകുപ്പിൽ നിന്നുകൂടി അനുമതി ലഭ്യമാക്കിയതിനുശേഷം മാത്രമേ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഇതിനുള്ള അനുമതി നൽകാവൂ എന്നും പ്രതിപാദിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന ഇത്തരത്തിലുള്ള അപേക്ഷകളിന്മേൽ ടി വകുപ്പിൽ നിന്നും ബിൽഡിംഗ് കോഡിലെ വ്യവസ്ഥകൾക്ക് വിധേയമായി പരിശോധന (സൈറ്റ് ക്ലിയറൻസ് & ഇൻസ്റ്റലേഷൻ ക്ലിയറൻസ്) നടത്തിയാണ് സാക്ഷ്യപത്രം അനുവദിക്കുന്നത്.<br>**30.03.2022-ലെ സമിതിയോഗം അംഗീകരിച്ചു.** |
| | | | **തദ്ദേശ സ്വയംഭരണ (ആർ.ഡി.) വകുപ്പ്** |

| | | | |
|---|---|---|---|
| | | | **10.05.2022-ലെ ആർ.ഡി3/52/2022/ തസ്വഭവ. നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട്.**<br><br>തീം പാർക്കുകളിലും മേളകളിലും അമ്യൂസ്മെന്റ് റൈഡ് നടത്തുന്നതിന് ലൈസൻസ് നൽകുന്നതു സംബന്ധിച്ച വിശദമായ മാർഗ്ഗരേഖ 20.08.2020 തീയതിയിലെ G.O.(Rt.) No. 1559/2020/LSGD നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>**27.12.2022-ലെ സമിതിയോഗം അംഗീകരിച്ചു.** |
| 27. | **40** | അതിഥിത്തൊഴിലാളികളുടെ കുട്ടികളെ പകൽ സമയങ്ങളിൽ പരിപാലിക്കുന്നതിനായി 2017-ൽ എറണാകുളം ജില്ലയിൽ പൈലറ്റ് അടിസ്ഥാനത്തിൽ ഒരു മൊബൈൽ ക്രഷ് പ്രവർത്തനമാരംഭിക്കുകയുണ്ടായി. ഇപ്പോൾ ഇത്തരത്തിൽ 10 ജില്ലകളിൽ മൊബൈൽ ക്രഷ് പ്രവർത്തിക്കുന്നുണ്ട്. സുരക്ഷിതമായ താമസ സൗകര്യത്തിന്റെ അഭാവംമൂലം അതിഥി തൊഴിലാളികളുടെ കുട്ടികളിൽ പലരും ലൈംഗിക പീഡനത്തിന് ഇരയാകുന്നുവെന്നത് ആശങ്കാജനകമാണ്. ഇത്തരം കുട്ടികളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | **വനിത ശിശുവികസന (സി) വകുപ്പ്**<br><br>**09.01.2024-ലെ WCD-C3/289/2022-WCD നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട്.**<br><br>അതിഥി തൊഴിലാളികളുടെ ഉൾപ്പെടെയുള്ള കുട്ടികളുടെ സുരക്ഷയ്ക്കായി പകൽ സമയ അഭയ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള പ്രാഥമിക നടപടികൾ വകുപ്പ് മുഖേന സ്വീകരിച്ച് വരുന്നു. അരക്ഷിതമായ സാഹചര്യത്തിൽ കഴിയുന്ന ശ്രദ്ധയും പരിചരണവും ആവശ്യമായ കുട്ടികൾക്ക് സ്ഥാപന സംരക്ഷണം നൽകുന്നതിനായി നിലവിൽ വകുപ്പിന് കീഴിൽ സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്.<br><br>**24.07.2024-ലെ സമിതിയോഗം അംഗീകരിച്ചു.** |

| | | | |
|---|---|---|---|
| **28.** | **43** | പീഡനത്തിനിരയാകുന്ന കുട്ടിയെയും മാതാപിതാക്കളെയും, പ്രത്യേകിച്ച് മാതാവിനെ മോശപ്പെട്ട രീതിയിൽ സമൂഹ മാധ്യമങ്ങളിലൂടെ ചിത്രീകരിക്കുകയും അവഹേളിക്കുകയും ചെയ്യുന്നതായുള്ള പരാതികൾ ഉണ്ടാകുന്നുണ്ട്. പീഡനത്തി നിരയാകുന്ന കുട്ടിക്കും മാതാപിതാക്കൾക്കും എതിരെ സമൂഹ മാധ്യമങ്ങളിൽ പ്രചാരണം നടത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | **ആഭ്യന്തര (ജി) വകുപ്പ്**<br><br>**29.10.2021–ലെ ജി3/242/2021/ആഭ്യന്തരം നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട്.**<br><br>പീഡനത്തിനിരയായ കുട്ടിയേയും മാതാപിതാക്കളെയും, പ്രത്യേകിച്ച് മാതാവിനെ മോശപ്പെട്ട രീതിയിൽ സമൂഹമാധ്യമങ്ങളിലൂടെ ചിത്രീകരിക്കുകയും അവഹേളിക്കുകയും ചെയ്യുന്നതായി ശ്രദ്ധയിൽപ്പെടുകയോ പരാതികൾ ലഭിക്കുകയോ ചെയ്താൽ ഇത്തരം പ്രവൃത്തികൾ നടത്തുന്നവർക്കെതിരെ ഐ.ടി. ആക്റ്റി ലെയും ഐ.പി.സി.-യിലെയും പോക്സോ ആക്റ്റിലെയും ബന്ധപ്പെട്ട വകുപ്പുകൾ പ്രകാരം കർശനമായ നിയമ നടപടികൾ സ്വീകരിക്കുന്നതാണ്.<br>**30.03.2022–ലെ സമിതി യോഗം അധികവിവരം ആവശ്യപ്പെട്ടു.** |
| | | <u>**സമിതി ആവശ്യപ്പെട്ട അധിക വിവരം**</u><br><br>ശിപാർശയിന്മേൽ ലഭ്യമാക്കിയ റിപ്പോർട്ട് വിഷയം സംബന്ധിച്ച നിലവിലെ സ്ഥിതി എന്തെന്ന് ആരാഞ്ഞു. | പീഡനത്തിനിരയാക്കുന്ന കുട്ടികളെയും രക്ഷകർത്താക്കളെയും സമൂഹമാധ്യമങ്ങളിലൂടെ അധിക്ഷേപിക്കുന്ന തരത്തിലുള്ള കേസ്സുകൾ റിപ്പോർട്ടായാൽ ഉടനടി നടപടികൾ സ്വീകരിക്കണമെന്ന് പ്രത്യേകം നിർദേശങ്ങൾ നൽകിയിട്ടുള്ളതും ഇത്തരം കാര്യങ്ങളിൽ ഉദ്യോഗസ്ഥർക്കും കുട്ടികൾക്കും, രക്ഷകർത്താക്കൾക്കും ബോധവൽക്കരണം നടത്തിവരുന്നതാണ് എന്നും സംസ്ഥാന പോലീസ് മേധാവി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br><br><u>**തൃശ്ശൂർ സിറ്റി ജില്ലയിൽ,**</u> വിക്ടിമിനേയും വീട്ടുകാരേയും തിരിച്ചറിയത്തക്ക രീതിയിലുള്ള വിവരങ്ങൾ ഒരു വാട്സാപ്പ് |

| | | | |
|---|---|---|---|
| | | | ഗ്രൂപ്പിൽ പരസ്യപ്പെടുത്തിയ കാര്യത്തിന് വിയ്യൂർ പോലീസ് സ്റ്റേഷനിൽ ക്രൈം നം. 58/2023 U/s 23(2) of POCSO ACT 2012 പ്രകാരവും സോഷ്യൽ മീഡിയ വ്ളോഗ്ഗർ ആയ പ്രതി തന്റെ ഫേസ് ബുക്ക് പോസ്റ്റിലൂടെ വിക്ടിമിന്റെ വിവരങ്ങൾ വെളിപ്പെടുത്തിയ കാര്യത്തിന് മണ്ണുത്തി പോലീസ് സ്റ്റേഷനിൽ ക്രൈം നം. Cr.224/2023 u/s 228(A) IPC & Sec 23 (4) of POCSO ACT പ്രകാരവും കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതായും ബന്ധപ്പെട്ട ജില്ലാ പോലീസ് മേധാവി അറിയിച്ചിട്ടുണ്ട്.<br><br>**<u>മലപ്പുറം ജില്ലയിൽ</u>** പ്രതികൾ തങ്ങൾക്കെതിരായ പോക്സോ കേസ് പിൻവലിച്ചില്ലെങ്കിൽ വിക്ടിമിന്റെ മാതാവിന്റെ നഗ്നചിത്രങ്ങളും വീഡിയോകളും വീട്ടുകാർക്കും നാട്ടുകാർക്കുമിടയിൽ പ്രചരിപ്പിക്കുമെന്ന് ഭീഷണിപ്പെടുത്തിയ കാര്യത്തിന് തേഞ്ഞിപ്പാലം പോലീസ് സ്റ്റേഷനിൽ ക്രൈം.നം.742/24 U/s 506 IPC & 66 (A) IT ACT പ്രകാരം ഒരു കേസ് റജിസ്റ്റർ ചെയ്തിട്ടുള്ളതായി ബന്ധപ്പെട്ട ജില്ലാ പോലീസ് മേധാവി അറിയിച്ചിട്ടുണ്ട്.<br><br>**<u>കോഴിക്കോട് സിറ്റി ജില്ലയിൽ</u>** പീഡനത്തിനിരയായ കുട്ടിയേയും മാതാപിതാക്കളെയും മോശപ്പെട്ട രീതിയിൽ സമൂഹ മാധ്യമങ്ങളിലൂടെ ചിത്രീകരിക്കുകയും അവഹേളിക്കുകയും ചെയ്യുതുമായി ബന്ധപ്പെട്ട പരാതികളിൽ എടുത്ത നടപടികൾ സംബന്ധിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു. |

| ക്രമ നം. | ശ്രദ്ധയിൽ പെട്ട/ ലഭിച്ച പരാതികളുടെ എണ്ണം | ബന്ധപ്പെട്ട വകുപ്പ് | സ്വീകരിച്ച നിയമ നടപടികൾ | കേസിന്റെ ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 1 | 3 | 228 A IPC | കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി | ഇതിൽ 1 കേസ്സ് അന്വേഷണം പൂർത്തീകരിച്ച് കുറ്റപ്രത്രം ബഹു. കോടതി മുമ്പാകെ സമർപ്പിച്ചിട്ടുള്ളതും പ്രതിയെ വെറുതെ വിട്ടിട്ടുള്ളതുമാണ്. 2 കേസ്സുകളിൽ പ്രതിയെ കണ്ടുകിട്ടാത്തതിനാൽ UD (UN-detected) ആയി റെഫർ ചെയ്തിട്ടുള്ളതാണ്. |

| ക്രമ നം. | ജില്ല | സ്റ്റേഷൻ | ക്രൈം നം. | വകുപ്പുകൾ | കേസിന്റെ ചുരുക്കം | നിലവിലെ സ്ഥിതി |
|---|---|---|---|---|---|---|

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | | | 1 | കോഴിക്കോട് ടൗൺ | ചേവായൂർ | 273/ 2012 | 228 (A), 506 (1), 294 (b) & Sec. 21 of JJ Act | പുത്തലത്ത്പൊയിൽ കുമാരൻ നേരത്തെയുള്ള കേസ്സിലെ വിരോധം വെച്ച് അന്യായക്കാരനെയും കുടുംബത്തെയും അസഭ്യം പറയുകയും 02/06/2012 തീയതി കേസ് ഷീറ്റിന്റെ ഫോട്ടോ കോപ്പി അന്യായക്കാരന്റെ വീട്ടിലും നാട്ടിലും വിതരണം ചെയ്തും പരാതിക്കാരനും കുടുംബത്തിനും മാനഹാനി വരുത്തുകയും ചെയ്തു. | ബഹു. ജൂഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി – കോഴിക്കോട് പ്രതിയെ വെറുതെ വിട്ടിട്ടുള്ളതാണ്. |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | | 2 | കോഴിക്കോട് സിറ്റി | നടക്കാവ് | 193/ 2017 | 228 (A) IPC | ചില കുറ്റകൃത്യങ്ങൾക്ക് ഇരയായവരുടെ പേരു വിവരമോ ഫോട്ടോയോ വെളിപ്പെടുത്തുകയോ, പ്രചരിപ്പിക്കുകയോ ചെയ്യുന്നത് കുറ്റമാണെന്ന നിയമം നിലവിലിരിക്കെ ആയതിന് വിരുദ്ധമായി പ്രവർത്തിച്ചു. നെടുമ്പാശ്ശേരി Crime 297/17 U/s 342, 366, 376, 506(1), 120 (B) r/w 34 IPC | ബഹു. കോടി UD (Undetected) ആയി റഫർ ചെയ്തിട്ടുള്ളതാണ്. (കോടതി റഫറൻസ് നം. RC 69/2018 -JFCMI) പ്രകാരവും കോടതി റഫറൻസ് നം. RC 69/18-JFCM-V പ്രകാരവും. |
| | | | 3 | കോഴിക്കോട് സിറ്റി | കസബ | 1322/ 2020 | 228A IPC | ലൈംഗിക പീഡനത്തിന് വിധേയമായ കേസിൽ ഉൾപ്പെട്ട പരാതിക്കാരന്റെ മകളായ സർവൈവറുടെ ഫോട്ടോ identity വെളിപ്പെടുത്തുന്ന രീതിയിൽ WhatsApp വഴി പ്രചരണം നടത്തി | ബഹു. കോടതി Undetected ആയി റഫർ ചെയ്തിട്ടുള്ളതാണ് (കോടതി റഫറൻസ് നം. RC185/ 2022-JFCM-III, കോഴിക്കോട് |

| | | | |
|---|---|---|---|
| | | | **അംഗീകരിച്ചു.** |
| **29.** | **44** | ഫ്ളാറ്റുകൾ പോലെയുള്ള ബഹുനില മന്ദിരങ്ങളിലെ ബാൽക്കണിയിൽ നിന്നും ഗോവണിപ്പടികളുടെ ഇടയിലൂടെയും കുഞ്ഞുങ്ങൾ വീണുമരിച്ച നിരവധി വാർത്തകൾ സമിതിയുടെ ശ്രദ്ധയിൽ വന്നിട്ടുണ്ട്. ബഹുനിലമന്ദിരങ്ങളുടെ ഗോവണിപ്പടികളും കൈവരികളും ബാൽക്കണികളും യഥാവിധി ഗ്രില്ലിട്ട് സുരക്ഷ ഒരുക്കേണ്ടതാണെന്ന് സമിതി നിരീക്ഷിക്കുന്നു. സംസ്ഥാനത്ത് നിർമ്മിക്കപ്പെടുന്ന ഒരോ മന്ദിരവും ശിശു സൗഹൃദമാകേണ്ടതുണ്ട്. കുട്ടികളുടെ സുരക്ഷയ്ക്ക് വിഘാതമാകുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതി നൽകരുതെന്ന് സമിതി നിർദ്ദേശിക്കുന്നു. ഇതിനായി കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ആവശ്യമെങ്കിൽ ഭേദഗതി വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | **തദ്ദേശ സ്വയംഭരണ (ആർ.ഡി.) വകുപ്പ്**<br><br>**10.05.2022-ലെ ആർ.ഡി3/52/2022/തസ്വഭവ. നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട്.**<br><br>കെട്ടിട നിർമ്മാണ ചട്ടം 2019-ൽ **CHAPTER XVII – SAFETY PROVISIONS FOR HIGH RISE BUILDINGS**-ൽ ചട്ടം **81**-ൽ Safety provisions നൽകിയിട്ടുണ്ട്.<br>**81. Safety provisions :-**<br>**(1) Staircase:-**<br>**(ii)** The height of the handrail in the staircase shall not be less than 90 centimeters and if balusters are provided no gap in the balusters shall be more than 10 centimeters wide.<br>**(2) Guard rails or parapets :-**<br>**(i)** Every balcony overlooking any exterior or interior open space shall be provided with parapet walls or guard rails of height not less than 1.20 meters and such guard rails shall be firmly fixed to the walls and slabs and may also be of blank walls, metal grills or a combination of both.<br>Provided that if metal grills are used they shall not be made of continuous horizontal members to prevent climbing of them:<br>Provided further that guard rails shall not be made of glass or any similar material which are not reinforced to prevent breaking.<br>**(ii)** The spacing between the grills/rails |

| | | | |
|---|---|---|---|
| | | | should be less than 10 centimeters. **(8) Parapets or terrace floor.–** Where access is provided over the terrace floor or to the terrace floor, the edges of the terrace floor shall be provided with parapet walls made of stable materials to a height of not less than 120 centimeters.<br>**27.12.2022-ലെ സമിതിയോഗം അംഗീകരിച്ചു.** |
| | | | **പൊതുമരാമത്ത് (ഇ) വകുപ്പ്**<br><br>**25.05.2022-ലെ ഇ 3/233/2021-പൊ.മ.വ. നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട്.**<br><br>പൊതുമരാമത്ത് വകുപ്പ് നിർമ്മിക്കുന്ന ബഹുനില മന്ദിരങ്ങളിൽ ബാൽക്കണികളിലും ഗോവണിപ്പടികളിലും സുരക്ഷയ്ക്കായി സ്ഥാപിക്കുന്ന ഗ്രില്ലുകൾ കുട്ടികൾ ഇടയിലൂടെ വീഴാത്ത തരത്തിലുള്ള നിർമ്മിതിയാണ് അവലംബിക്കുന്നത്. എല്ലാ ജില്ലാതല എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും നിർമ്മാണം നടത്തുമ്പോൾ ഇക്കാര്യത്തിൽ വേണ്ടത്ര ശ്രദ്ധ പുലർത്തുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. സ്വകാര്യ വ്യക്തികൾ നിർമ്മിക്കുന്ന ബഹുനില മന്ദിരങ്ങളിൽ ബാൽക്കണികളിലും ഗോവണിപ്പടികളിലും കുട്ടികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായുള്ള നിർമ്മാണ രീതി അവലംബിക്കുന്നതിന് ബന്ധപ്പെട്ട കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ വ്യവസ്ഥകൾ ഉൾപ്പെടുത്തേണ്ടത് കെട്ടിടനിർമ്മാണത്തിന് അനുമതി നൽകുന്ന തദ്ദേശസ്വയംഭരണ വകുപ്പാണ് എന്ന വിവരം സമിതി മുമ്പാകെ |

| | | | |
|---|---|---|---|
| | | | അറിയിക്കുന്നു.<br><br>**27.12.2022-ലെ സമിതിയോഗം അംഗീകരിച്ചു.** |

## ഭാഗം - II

## സമിതിയുടെ ശിപാർശ, സമിതി ആവശ്യപ്പെട്ട അധികവിവരം എന്നിവയിന്മേൽ നടപടി റിപ്പോർട്ട് ലഭ്യമാക്കാനുള്ളവ സംബന്ധിച്ച വിശദാംശം

| ക്രമ നമ്പർ | ഖണ്ഡിക | ശിപാർശ | സ്വീകരിച്ച നടപടി |
|---|---|---|---|
| 1. | 6 | നല്ല സ്പർശനവും ചീത്ത സ്പർശനവും തമ്മിൽ വേർതിരിച്ചറിയുവാൻ തീരെ ചെറിയ കുട്ടികൾക്ക് പലപ്പോഴും കഴിയുന്നില്ല. ആയതിനാൽ കൊച്ചു കുട്ടികൾക്ക് മനസ്സിലാകുന്ന രീതിയിൽ ചെറിയ ക്ലാസുകളിൽ കഥകളായോ നറുങ്ങു കവിതകളായോ ഇക്കാര്യങ്ങൾ സിലബസിൽ ഉൾപ്പെടുത്തുന്നത് കുട്ടികളുടെ മനസ്സിൽ ഇവ ആഴത്തിൽ പതിയുന്നതിന് സഹായകമാകുമെന്ന് സമിതി കരുതുന്നു. ആയതിനാൽ ഇത്തരം കാര്യങ്ങൾ കൂടി ഉൾപ്പെടുത്തി സ്കൂൾ പാഠ്യപദ്ധതി പരിഷ്കരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | പൊതുവിദ്യാഭ്യാസ (ആർ.സി) വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |
| 2. | 8 | കുട്ടികളുമായി ഇടപെടുന്ന ജോലികളിൽ പ്രത്യേകിച്ച് വാർഡൻ, അദ്ധ്യാപകർ തുടങ്ങിയ തസ്തികകളിലേയ്ക്കുള്ള നിയമനത്തിന് പോലീസിന്റെ നാഷണൽ സെക്സ് ഒഫൻഡേഴ്സ് രജിസ്ട്രിയിൽ ഉൾപ്പെട്ടിട്ടുള്ളവരെ യാതൊരു കാരണവശാലും | പൊതുവിദ്യാഭ്യാസ (ജെ.ആർ) വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |

| | | | |
|---|---|---|---|
| | | പരിഗണിക്കരുതെന്ന് സമിതി നിർദ്ദേശിക്കുന്നു. ഇതിനായി സർവ്വീസ് ചട്ടങ്ങൾ ഭേദഗതി ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | |
| 3. | 9 | സ്കൂൾ ബസുകളിലെയും കുട്ടികളെ സ്കൂളുകളിൽ എത്തിക്കുന്ന സ്വകാര്യ വാഹനങ്ങളിലെയും ജീവനക്കാർ പലപ്പോഴും കുട്ടികളെ പീഡിപ്പിക്കുന്നതായി കണ്ടുവരുന്നു. ഇത്തരം സാഹചര്യങ്ങൾ ഒഴിവാക്കുന്നതിനായി ക്രിമിനൽ പശ്ചാത്തലമുള്ളവർ യാതൊരു സ്കൂൾ വാഹനങ്ങളിലും ജോലി ചെയ്യുന്നില്ലെന്ന് ഉറപ്പുവരുത്തണമെന്നും പ്രസ്തുത ജീവനക്കാർക്ക് പോലീസിന്റെ വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് നിർബന്ധമാക്കണമെന്നും 6 മാസത്തെ ഇടവേളകളിൽ അതു പരിശോധിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | പൊതുവിദ്യാഭ്യാസ (ജി) വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല |
| 4. | 10 | കൊച്ചുകുട്ടികൾ പലപ്പോഴും രക്ഷകർത്താക്കളുടെ ക്രൂര മർദ്ദനത്തിന് ഇരയാകുന്ന സംഭവങ്ങൾ സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. കുഞ്ഞുങ്ങൾ ലൈംഗിക പീഡനത്തിനോ ക്രൂര മർദ്ദനത്തിനോ ഇരയാകുന്ന വിവരം ശ്രദ്ധയിൽപ്പെട്ടാൽ പ്രസ്തുത വിവരം ചൈൽഡ് ലൈൻ പ്രവർത്തകരെയാണ് ആദ്യം അറിയിക്കേണ്ട തെന്ന് സമിതി നിരീക്ഷിക്കുന്നു. ഇത്തരം വിവരങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ രക്ഷകർത്താക്കളെ വിളിച്ച് വിവരം ആരായുന്നതിന് പകരം ചൈൽഡ് ലൈൻ പ്രവർത്തകരെ വിവരം അറിയിക്കണമെന്നും ഇത്തരം സംഭവങ്ങൾ അറിഞ്ഞിട്ടും റിപ്പോർട്ട് | പൊതുവിദ്യാഭ്യാസ (ജി) വകുപ്പ് ലഭ്യമാക്കിയിട്ടില്ല. |

| | | | |
|---|---|---|---|
| | | ചെയ്യാത്ത സ്കൂൾ അധികൃതർക്കെതിരെ കർശന നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | |
| 5. | 14 | വിവാഹം രജിസ്റ്റർ ചെയ്യുന്നതുപോലെ വിവാഹ മോചനവും രജിസ്റ്റർ ചെയ്യപ്പെടണമെന്ന് സമിതി കരുതുന്നു. പ്രസ്തുത രജിസ്ട്രേഷൻ സമയത്ത് അവരുടെ കുഞ്ഞുങ്ങളെ സംബന്ധിച്ചും അവർ ആരുടെ സംരക്ഷണയിലാണെന്ന വിവരവും രജിസ്ട്രേഷനിൽ ഉൾപ്പെടുത്തേണ്ടതാണ്.<br>വിവാഹമോചിതർ പുനർ വിവാഹിതരാകുമ്പോൾ അവരുടെ കുഞ്ഞുങ്ങളുടെ ഭാവി സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനാവശ്യമായ നിയമ നിർമ്മാണം നടത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | **വനിത ശിശുവികസന (സി) വകുപ്പ് 04.07.2025-ലെ WCD-C3/143/2024-WCD നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട്**<br>വിവാഹമോചനം ലഭ്യമാകുന്നത് കോടതി മുഖാന്തരം ആയതിനാൽ പ്രസ്തുത വിവരങ്ങളുടെ അടിസ്ഥാനത്തിൽ വിവാഹമോചനം രജിസ്റ്റർ ചെയ്യാവുന്നതാണ്. രജിസ്ട്രേഷൻ സമയത്ത് കുട്ടിയുടെ സുരക്ഷ, സംരക്ഷണം, ഭാവി എന്നിവ കൂടി ഉൾപ്പെടുത്തി വേണം നടപടി പൂർത്തിയാക്കേണ്ടത്.<br>2015-ലെ ബാലനീതി നിയമപ്രകാരം വിവാഹമോചിതർ പുനർവിവാഹിത രാകുമ്പോൾ കുട്ടികളുടെ ഭാവി ഉറപ്പ് വരുത്തുന്നതിനായി സ്റ്റെപ്പ് പാരൻറ് അഡോപ്ഷൻ നടപടി സ്വീകരിക്കാ മെന്ന് നിയമത്തിൽ നിഷ്കർഷിക്കു ന്നുണ്ട്.<br>എന്നാൽ സമൂഹത്തിൽ വളരെ കുറച്ച് പേർ മാത്രമേ കുട്ടികളുടെ ഭാവി സുരക്ഷിതമാക്കുന്നതിന് സ്റ്റെപ്പ് പാരൻറ് അഡോപ്ഷൻ നടപടി സ്വീകരിക്കുന്നതായി കാണുന്നുള്ളൂ. ടി സാഹചര്യത്തിൽ സ്റ്റെപ്പ് പാരൻറ് അഡോപ്ഷൻ പ്രോത്സാഹിപ്പിക്കുന്ന തിന്റെ ഭാഗമായി വേണ്ടത്ര അവബോധം പൊതുജനങ്ങളിലേക്ക് എത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടത് അനിവാര്യമാണ്.<br>വിവാഹമോചിതരുടെയും പുനർവിവാ ഹിതരുടെയും കുട്ടികളുടെ ഭാവി |

| | | | |
|---|---|---|---|
| | | | സുരക്ഷിതത്വം ഉറപ്പ് വരുത്തുന്നതിനായി ഈ വിഷയവുമായി ബന്ധപ്പെട്ട വിവിധ വകുപ്പുകൾ ചേർന്ന് യോഗം സംഘടിപ്പിക്കുകയും ബന്ധപ്പെട്ട കാര്യങ്ങളിൽ ചർച്ച നടത്തി നിയമനിർമ്മാണം നടത്തുന്ന കാര്യം പരിഗണിക്കാവുന്നതുമാണ്.<br><br>**29.10.2025 ലെ സമിതിയോഗത്തിൽ പരിഗണിക്കുകയും വകുപ്പ് ലഭ്യമാക്കിയ അധികനടപടി സ്റ്റേറ്റ്മെന്റിൽ നടപടികൾ സ്വീകരിച്ചിട്ടുള്ളതായി വ്യക്തമല്ലെന്ന് നിരീക്ഷിച്ച സമിതി അധിക ശിപാർശകൾ നൽകുകയും ചെയ്തു.** |
| | | **<u>സമിതി നൽകിയ അധിക ശിപാർശകൾ</u>**<br>**1)** മാതാപിതാക്കളുടെ പുനഃവിവാഹം, കുട്ടിയുടെ പുതിയ അച്ഛൻ/അമ്മ, വേറിട്ട താമസസ്ഥലം എന്നിങ്ങനെയുള്ളവ കുട്ടികളെ അനുകൂലമോ പ്രതികൂലമോ ആയ നിരവധി മാറ്റങ്ങൾക്ക് വിധേയരാക്കുന്നു. ഇതിൽ, കുടുംബ സംരക്ഷണാവകാശമുള്ള രക്ഷിതാക്കൾ കുട്ടിക്ക് സുരക്ഷയും സ്നേഹവും പിന്തുണയും നൽകാൻ പ്രാപ്തരാണോയെന്നതാണ് സുപ്രധാനം. അതിനാൽ, പുനഃവിവാഹം ചെയ്യുവർ, വിവാഹമോചിതർ എന്നിവരുടെ കുട്ടികളുടെ ഭാവിസുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിന് ആവശ്യമായ നിയമനിർമ്മാണം നടത്തുന്നതിന് വനിത ശിശുവികസന വകുപ്പ് ബന്ധപ്പെട്ട മറ്റുവകുപ്പുകളുമായി ചേർന്ന് അടിയന്തര നടപടികൾ | വനിത ശിശുവികസന വകുപ്പ് റിപ്പോർട്ട് ലഭ്യമാക്കണം. |

| | | | |
|---|---|---|---|
| | | സ്വീകരിക്കണമെന്ന് വനിത ശിശുവികസന വകുപ്പിനോട് ശിപാർശ ചെയ്യുന്നു.<br><br>**2)**കുട്ടികളുടെ ഉത്തമതാൽപര്യത്തിനായി നിലകൊള്ളുന്ന ജുവനൈൽ ജസ്റ്റിസ് ആക്റ്റ് 2015 ൽ നിഷ്കർഷിക്കുന്ന സ്റ്റെപ് പാരന്റ് അഡോപ്ഷൻ നടപടി, ആക്റ്റിന്റെ വകുപ്പ് 45(2) ക്ലോസ് (i) ൽ വിവക്ഷിക്കുന്ന സ്പോൺസർഷിപ്പ് നടപടി മുതലായവയ്ക്കായി മുന്നോട്ടുവരുന്ന സ്റ്റെപ് പാരന്റ്/സ്പോൺസർമാരുടെ എണ്ണം വളരെ കുറവാണെന്നും, ഇത്തരം നടപടികളെക്കുറിച്ച് സമൂഹത്തിൽ വേണ്ടത്ര അവബോധം ഇല്ലാത്തതാണ് ഇതിന് കാരണമെന്നും സമിതി മനസ്സിലാക്കുന്നു. അതിനാൽ സ്റ്റെപ് പാരന്റ് അഡോപ്ഷൻ, സ്പോൺസർഷിപ്പ്, ഫോസ്റ്റർ കെയർ മുതലായവയെ സംബന്ധിച്ച് പൊതുജനങ്ങൾക്കിടയിൽ ആവശ്യമായ അവബോധം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് വനിത ശിശുവികസന വകുപ്പിനോട് സമിതി ശിപാർശ ചെയ്യുന്നു. | |
| **6.** | **26** | സംയോജിത ശിശുവികസന പദ്ധതിയുടെ (ICDS) പ്രധാന തടസ്സമായി നിലകൊള്ളുന്നത് അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയാണ്. സംസ്ഥാനത്ത് 33000-ൽപ്പരം അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും 23000-ൽപ്പരം അങ്കണവാടികൾക്ക് മാത്രമേ സ്വന്തമായി കെട്ടിടമുള്ളുവെന്നും മറ്റുള്ളവ വാടക കെട്ടിടങ്ങളിലാണ് | **വനിത ശിശുവികസന (ബി) വകുപ്പ് 23.11.2021-ലെ വശിവിവ/ബി1/112/2021-വശിവിവ നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട്**<br><br>ICDS പ്രോജക്ടിനു കീഴിൽ 31.10.2020-ലെ സ്റ്റാറ്റസ് പ്രകാരം 33115 അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ട്.<br><br>സ്വന്തം കെട്ടിടത്തിൽ |

| | | | |
|---|---|---|---|
| | | പ്രവർത്തിക്കുന്നതെന്നും സമിതി മനസ്സിലാക്കുന്നു. ആറ് വയസ്സിൽ താഴെയുള്ള കുട്ടികളുടെ സർവ്വതോന്മുഖമായ വളർച്ചയ്ക്കും വികാസത്തിനുമായുള്ള ബൃഹത് പദ്ധതിയായ സംയോജിത ശിശുവികസന പദ്ധതിയുടെ ഭാഗമായുള്ള അങ്കണവാടികളിൽ പലതിനും കെട്ടിടമില്ല എന്നത് ദൗർഭാഗ്യകരമാണ്. ആവശ്യത്തിന് സ്ഥലം ലഭ്യമല്ലാത്തതാണ് കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്രധാന പ്രശ്നമെന്ന് സമിതി മനസ്സിലാക്കുന്നു. കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനായി വിവിധ സർക്കാർ വകുപ്പുകളുടെ കീഴിൽ ഒഴിഞ്ഞുകിടക്കുന്ന സ്ഥലത്തിൽ നിന്നും സ്ഥലം കണ്ടെത്തിയാൽ ഒരു പരിധി വരെ ഇതിന് പരിഹാരം കാണാൻ കഴിയുമെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ സാദ്ധ്യമായ തലത്തിൽ സർക്കാർ വകുപ്പുകളുടെ അധീനതയിലുള്ള സ്ഥലങ്ങൾ, സ്വന്തമായി കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി കൈമാറുന്നതിന് അതാത് ജില്ലാ കളക്ടർമാർ നടപടിയെടുക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | പ്രവർത്തിക്കുന്നത്- 23991<br><br>വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നത് - 7383<br>വാടക നൽകാതെ പ്രവർത്തിക്കുന്നത് - 1320<br>സ്കൂൾ കോമ്പൗണ്ടിൽ പ്രവർത്തിക്കുന്നത് - 421<br><br>കൂടാതെ സർക്കാർ വകുപ്പുകളുടെ കീഴിൽ ഒഴിഞ്ഞു കിടക്കുന്ന സ്ഥലത്തിൽ നിന്നും കണ്ടെത്തുന്നതിനും, സർക്കാർ വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റം സംബന്ധിച്ച് ജില്ലാ കളക്ടർക്ക് അധികാരം നൽകിക്കൊണ്ട് GO(P) 31/2018/RD തീയതി, 05.06.2018 പ്രകാരം റവന്യൂ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br>അങ്കണവാടികൾക്ക് കെട്ടിടം പണിയുന്നതനായി മറ്റ് വകുപ്പുകളുടെ പുറമ്പോക്ക് ഭൂമി ലഭിക്കുന്നതിന് പ്രോഗ്രാം ഓഫീസർമാർ മുഖേന ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിച്ച് തുടർ നടപടി സ്വീകരിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.<br>കൂടാതെ സ്വന്തമായി കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിട നിർമ്മാണത്തിനായി ലഭിയ്ക്കുന്ന സ്വകാര്യ വ്യക്തികളുടെയും/ പുറംപോക്കുഭൂമിയിൽ വകുപ്പിന്റെ പേരിലേയ്ക്ക് കൈമാറ്റം ചെയ്യുന്നതിന് അർത്ഥനാപത്രം നൽകുന്നതിന് ജില്ലാ വനിത ശിശുവികസന ഓഫീസർ മാരെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | സ്വന്തമായി കെട്ടിടമില്ലാത്ത അങ്കണ വാടികൾക്ക് വേണ്ടി സ്ഥലം കണ്ടെത്തുന്നതിനും ഊർജ്ജിതമായ നടപടി വകുപ്പ് സ്വീകരിച്ച് വരുന്നുണ്ട്.<br><br>**30.03.2022-ലെ സമിതിയോഗം പരിഗണിക്കുകയും അധികവിവരം ആരായുകയും ചെയ്തു.** |
| | | **<u>30.03.2022-ലെ സമിതിയോഗം ആവശ്യപ്പെട്ട അധികവിവരം</u>**<br><br>അങ്കണവാടികൾക്ക് വിവിധ വകുപ്പുകളുടെ അധീനതയിലുള്ള സ്ഥലം അനുവദിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ ലഘൂകരിച്ച് ഭൂമി വിട്ടുകൊടുക്കൽ പ്രക്രിയ വേഗത്തിലാക്കണമെന്ന് വനിത ശിശുവികസന വകുപ്പിനോട് ആവശ്യപ്പെട്ടു. | **വനിതാ ശിശു വികസന (ബി) വകുപ്പ്**<br><br>**26.01.2025-ലെ WCD/B1/112/2021-WCD നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ അധികവിവര റിപ്പോർട്ട്**<br><br>അങ്കണവാടികൾക്ക് വിവിധ വകുപ്പുകളുടെ അധീനതയിലുള്ള സ്ഥലം അനുവദിക്കുന്നതിലെ നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതിനായി ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.<br><br>കൂടാതെ എല്ലാ അങ്കണവാടികൾക്കും സ്വന്തമായി കെട്ടിടം നിർമ്മിക്കുക എന്ന ഉദ്ദേശ്യലക്ഷ്യത്തോടെ മത്സ്യ ബന്ധന തുറമുഖ വകുപ്പിൽ നടപ്പിലാക്കിയ പുനർഗേഹം പദ്ധതി യുടെ മാതൃകയിൽ അങ്കണവാടി കെട്ടിട നിർമ്മാണ ത്തിനായി ഭൂമി കണ്ടെത്തുന്നതിനുള്ള പ്രൊപ്പോസലും (നവാങ്കണം) സർക്കാരിന്റെ പരിഗണനയിലാണ്.<br><br>**23.04.2025-ലെ സമിതി യോഗം പരിഗണിക്കുകയും അധിക ശിപാർശ ആക്ഷൻ ടേക്കൺ റിപ്പോർട്ടിൽ** |

| | | | |
|---|---|---|---|
| | | | **ഉൾപ്പെടുത്താനും നിർദ്ദേശിച്ചിരുന്നു.** |
| | | **23.04.2025-ലെ സമിതി യോഗം നൽകിയ അധിക ശിപാർശ**<br>അങ്കണവാടികൾക്ക് വിവിധ വകുപ്പുകളുടെ അധീനതയിലുള്ള സ്ഥലം അനുവദിക്കുന്നതിലെ നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതിനായി വനിത ശിശുവികസന വകുപ്പ് ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസലിന്മേലും, എല്ലാ അങ്കണവാടികൾക്കും സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനായി മത്സ്യബന്ധന തുറമുഖ വകുപ്പിന്റെ പുനർഗേഹം പദ്ധതിയുടെ മാതൃകയിൽ, അങ്കണവാടി കെട്ടിട നിർമ്മാണത്തിനായി ഭൂമി കണ്ടെത്തുന്നതിനുള്ള പ്രൊപ്പോസലിന്മേലും (നവാങ്കണം) അടിയന്തരമായി തീരുമാനം കൈക്കൊണ്ട് വിവിധ വകുപ്പുകൾ ഭൂമി വിട്ടുകൊടുക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തി പൂർത്തീകരിക്കണമെന്ന് ശിപാർശ ചെയ്യുന്നു. | വനിത ശിശുവികസന (ബി) വകുപ്പ് റിപ്പോർട്ട് ലഭ്യമാക്കണം. |
| | | | **വനിത ശിശു വികസന (ബി) വകുപ്പ്**<br><br>**30.07.2025-ലെ WCD/B2/174/2021-WCD നമ്പർ കത്ത് മുഖേന വീണ്ടും ലഭ്യമാക്കിയ, 30.03.2022-ലെ സമിതിയോഗം ആവശ്യപ്പെട്ട അധികവിവര റിപ്പോർട്ട്.**<br><br>കേരളത്തിൽ നിലവിൽ പ്രവർത്തിക്കുന്ന 33120 അങ്കണവാടികളിൽ 7260 അങ്കണവാടികൾ സ്വന്തമായി കെട്ടിടം ഇല്ലാത്തതു കാരണം വാടക കെട്ടിടങ്ങളിൽ ആണ് |

| | | | |
|---|---|---|---|
| | | | പ്രവർത്തിക്കുന്നത്. അങ്കണവാടികൾക്കായി കെട്ടിടം നിർമ്മിക്കുന്നതിന് എല്ലാ സാമ്പത്തിക വർഷവും ബജറ്റിൽ ഫണ്ട് വകയിരുത്താറുണ്ടെങ്കിലും കെട്ടിടം നിർമ്മിക്കുന്നതിനുള്ള സ്ഥലം ലഭ്യമാകാത്തതിനാലും, സർക്കാരിന്റെ വിവിധ വകുപ്പുകളുടെ അധീനതയിലുള്ള സ്ഥലങ്ങൾ, പുറമ്പോക്ക് ഭൂമി എന്നിവ കണ്ടെത്തി പ്രസ്തുത ആവശ്യത്തിലേക്കായി ലഭ്യമാക്കുന്നതിനുള്ള ശ്രമം നടത്തുന്നുണ്ടെങ്കിലും സമയബന്ധിതമായി ബന്ധപ്പെട്ട വകുപ്പിൽ നിന്നും NOC ലഭിക്കാത്തതിനാലും എല്ലാ അങ്കണവാടികൾക്കും സ്വന്തമായി കെട്ടിടം നിർമ്മിക്കുക എന്ന ലക്ഷ്യം കൈവരിക്കുവാൻ സാധിക്കാതെ വരുന്നു. നിലവിൽ പ്രാബല്യത്തിലുള്ള വ്യവസ്ഥകൾ പ്രകാരം അതതു ജില്ലാ കളക്ടർമാർക്ക് ഗ്രാമപരിധിയിൽ 50 സെന്റ് വരെയും മുനിസിപ്പൽ പരിധിയിൽ 25 സെന്റ് വരെയും കോർപ്പറേഷൻ പരിധിയിൽ 10 സെന്റ് വരെയും ഒരു വകുപ്പിൽ നിന്നും മറ്റൊരു വകുപ്പിലേക്ക് ഭൂമി കൈമാറുന്നതിനും എന്നാൽ കൈമാറ്റം ചെയ്യപ്പെടുന്ന ഭൂമി റവന്യൂ വകുപ്പിന്റെ ഉടമസ്ഥതയിൽ അല്ലെങ്കിൽ, ഏതു വകുപ്പിന്റെ ഭൂമിയാണോ ആ വകുപ്പിൽ നിന്നും NOC വാങ്ങിയിരിക്കണം എന്നും നിബന്ധന ഉണ്ട്. ജില്ലകളിൽ നടക്കുന്ന വികസന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന്റെ ഉത്തരവാദിത്തമുള്ള ഉദ്യോഗസ്ഥൻ എന്ന നിലയിൽ ജില്ലാ കളക്ടർക്ക്, വിവിധ വകുപ്പുകളുടെ അധീനതയിൽ |

| | | | |
|---|---|---|---|
| | | | ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലങ്ങൾ ഉണ്ടെങ്കിൽ ആയതിൽ നിന്നും അങ്കണവാടി നിർമ്മാണത്തിനായി സ്ഥലം ലഭ്യമാക്കുന്നതിനും സ്ഥലം കൈമാറ്റം ചെയ്യുന്നതിനുമുള്ള അധികാരം നൽകണമെന്നും ഇത്തരത്തിൽ നടപടിക്രമങ്ങൾ ലഘൂകരിച്ച്, സംസ്ഥാനത്തെ മുഴുവൻ അങ്കണവാടികൾക്കും സ്വന്തമായി കെട്ടിടം നിർമ്മിക്കുക എന്ന വകുപ്പിന്റെ ലക്ഷ്യം കൈവരിക്കുന്നതിനു ആവശ്യമായ നടപടി സ്വീകരിക്കണം എന്നും വനിതാശിശുവികസന വകുപ്പ് ഡയറക്ടർ ആവശ്യപ്പെടുകയുണ്ടായി. വിവിധ വകുപ്പുകളുടെ അധീനതയിൽ ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലങ്ങൾ ഉണ്ടെങ്കിൽ ആയതിൽ നിന്നും അങ്കണവാടി നിർമാണത്തിനായി സ്ഥലം ലഭ്യമാക്കുന്നതിനും സ്ഥലം കൈമാറ്റം ചെയ്യുന്നതിനുമുള്ള അധികാരം ജില്ലാ കളക്ടർക്ക് നൽകുന്നത് സംബന്ധിച്ച് തുടർനടപടി സ്വീകരിക്കുന്നതിനായി ഡയറക്ടറുടെ പ്രസ്തുത പ്രപ്പോസൽ റവന്യൂ വകുപ്പിന് കൈമാറിയിട്ടുണ്ട്. **29.10.2025-ലെ സമിതിയോഗം അംഗീകരിക്കുകയും 23.04.2025-ലെ സമിതി യോഗം നൽകിയ അധിക ശിപാർശയിന്മേലുള്ള നടപടി റിപ്പോർട്ട് ലഭ്യമാക്കാൻ നിർദ്ദേശിക്കുകയും ചെയ്തു.** |
| | | **29.10.2025-ലെ സമിതി യോഗം നൽകിയ അധിക ശിപാർശ**<br><br>അങ്കണവാടികൾക്ക് വിവിധ വകുപ്പുകളുടെ അധീനതയിലുള്ള സ്ഥലം അനുവദിക്കുന്നതിലെ നടപടിക്രമങ്ങൾ | വനിത ശിശുവികസന (ബി) വകുപ്പ് റിപ്പോർട്ട് ലഭ്യമാക്കണം. |

| | | | |
|---|---|---|---|
| | | ലഘൂകരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതിനായി ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസലിന്മേലും, എല്ലാ അങ്കണവാടികൾക്കും സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനായി മത്സ്യബന്ധന തുറമുഖ വകുപ്പിന്റെ പുനർഗേഹം പദ്ധതിയുടെ മാതൃകയിൽ, അങ്കണവാടി കെട്ടിട നിർമ്മാണത്തിനായി ഭൂമി കണ്ടെത്തുന്നതിനുള്ള പ്രൊപ്പോസലിന്മേലും (നവാങ്കണം) അടിയന്തരമായി തീരുമാനം കൈക്കൊണ്ട് വിവിധ വകുപ്പുകൾ ഭൂമി വിട്ടുകൊടുക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തി പൂർത്തീകരിക്കണമെന്ന് 23.04.2025-ലെ സമിതി യോഗം വനിത ശിശുവികസന (ബി) വകുപ്പിനോട് ശിപാർശ ചെയ്തിരുന്നു. പ്രസ്തുത ശിപാർശ യിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി വീണ്ടും ശിപാർശ ചെയ്യുന്നു. | |
| 7. | 39 | സംസ്ഥാനത്തിന്റെ വികസനത്തിലും വളർച്ചയിലും മുഖ്യപങ്ക് വഹിക്കുന്നവരാണ് അന്യസംസ്ഥാനങ്ങളിൽ നിന്നും വരുന്ന അന്യസംസ്ഥാനത്തൊഴിലാളികളും തോട്ടം തൊഴിലാളികളും. ഇവരുടെ കുട്ടികൾക്ക് വിദ്യാഭ്യാസം നൽകുന്നതിന് നിലവിൽ പദ്ധതികളൊന്നും ഇല്ല എന്നത് ഒരു ന്യൂനതയാണെന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള അതിഥിത്തൊഴിലാളികളുടെയും തോട്ടം തൊഴിലാളികളുടെയും കുട്ടികൾക്ക് വിദ്യാഭ്യാസം നൽകുന്നതിന് ഉചിതമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | പൊതുവിദ്യാഭ്യാസ (എൻ) വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |

| | | | |
|---|---|---|---|
| 8. | 41 | ഇന്ത്യയിൽ സൈബർ കുറ്റകൃത്യങ്ങൾ ഭയാനകമായ തോതിൽ വർദ്ധിക്കുകയും ഗുരുതരമായ സാമൂഹിക, സാമ്പത്തിക, ദേശീയ സുരക്ഷാ ഭീഷണി ഉയർത്തുകയും ചെയ്യുന്ന സാഹചര്യം നിലവിലുണ്ട്. ഇന്റർനെറ്റും മൊബൈൽ ഫോണും ഫലത്തിൽ ലോകത്തെ തീരെ ചെറുതാക്കിയിരിക്കുന്നു. ചെറുപ്പത്തിൽ തന്നെ കുട്ടികൾക്ക് ഇന്റർനെറ്റ് എന്ന വലിയ വിജ്ഞാന കേന്ദ്രം തുറന്നു ലഭിക്കുന്നത് അവരുടെ പഠനത്തെ സഹായിക്കുമെങ്കിലും സൈക്കിക്ക് ഓൺലൈൻ ഗെയിമുകൾ, അശ്ലീല വെബ്സൈറ്റുകൾ, സമൂഹ മാധ്യമങ്ങളോടുള്ള അമിതാസക്തി എന്നിവ കുട്ടികളെ പ്രതികൂലമായി ബാധിക്കുന്ന ഘടകങ്ങളാണ്. കൂടാതെ ഓൺലൈൻ ചൈൽഡ് സെക്സ് ടൂറിസം പോലുള്ള നൂതനമായ അപകടങ്ങൾ ഇപ്പോൾ ആഗോളതലത്തിൽ നിലവിലുള്ളതും 'വെർച്വൽ' സെക്സ് പോലെയുള്ള കാര്യങ്ങൾ നമ്മുടെ കൊച്ചു കേരളത്തിലും ഉയർന്നു കേട്ടതും രക്ഷകർത്താക്കളും പൊതുസമൂഹവും ഇന്റർനെറ്റിന്റെ ചതിക്കുഴികളെപ്പറ്റി അതീവ ജാഗ്രത പുലർത്തേണ്ടതിന്റെ അനിവാര്യതയിലേയ്ക്കാണ് വിരൽ ചൂണ്ടുന്നത്. ആയതിനാൽ സൈബർ സുരക്ഷയുടെ വിവിധ വശങ്ങളായ ഇന്റർനെറ്റ് സുരക്ഷ, സോഷ്യൽ മീഡിയ സുരക്ഷ, ബാങ്കിംഗ് സുരക്ഷ, സൈബർ നിയമം മുതലായവ ലളിതമായി മനസ്സിലാക്കാൻ സാധിക്കുന്ന വിധത്തിൽ കേരള സ്റ്റേറ്റ് ഐ.ടി. മിഷൻ ആരംഭിച്ചിരിക്കുന്ന ഓൺലൈൻ സൈബർ സുരക്ഷാ ബോധവത്കരണ പോർട്ടൽ വഴിയുള്ള ഓറിയന്റേഷൻ പ്രോഗ്രാമുകൾ സ്കൂൾ/കോളേജ് തലങ്ങളിൽ സംഘടിപ്പിക്കുന്നതിന് ഐ.ടി. വകുപ്പ് മുൻകയ്യെടുക്കണമെന്നും | ഇലക്ട്രോണിക്സ് & വിവര സാങ്കേതിക വിദ്യ (ബി) വകുപ്പ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |

| | | | |
|---|---|---|---|
| | | ഇത്തരം പ്രോഗ്രാമുകളിൽ വിദ്യാർത്ഥികൾ, രക്ഷകർത്താക്കൾ, അദ്ധ്യാപകർ എന്നിവരുടെ സാന്നിദ്ധ്യം ഉറപ്പ വരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | |
| **9.** | **42** | ഐടി ആക്ട് 2000-ലെ സെക്ഷൻ 67 ബി പ്രകാരം ഓൺലൈൻ ആയി കുട്ടികളെ ദുരുപയോഗം ചെയ്യുന്നതും ബാല ലൈംഗികതയെ ചിത്രീകരിക്കുന്ന മെറ്റീരിയൽ ഇലക്ട്രോണിക്സ് രൂപത്തിൽ കൈമാറുകയോ കാണുകയോ ചെയ്യുന്നതും ശിക്ഷാർഹമാണ്. കുട്ടികളെ മോശം രീതിയിൽ ചിത്രീകരിക്കുന്ന ഇലക്ട്രോണിക് മെറ്റീരിയൽ ഇന്റർനെറ്റിൽ ബ്ലോക്ക് ചെയ്യുവാൻ ഐടി ആക്ട് 2000-ലെ 69 എ(1) വകുപ്പ് പ്രകാരം സാധിക്കുമെന്ന് സമിതി മനസ്സിലാക്കുന്നു. ഇതിനായി പൊതുജനങ്ങൾക്ക് സംസ്ഥാനത്തെ നോഡൽ ഓഫീസർ ആയ ഐ.ടി. വകുപ്പ് സെക്രട്ടറിക്ക് അപേക്ഷ സമർപ്പിക്കാവുന്നതും ആയത് പ്രാഥമിക പരിശോധനയ്ക്ക് ശേഷം തുടർനടപടികൾക്കായി കേന്ദ്ര ഇലക്ട്രോണിക്സ് മന്ത്രാലയത്തിന് അയയ്ക്കുന്നതുമാണെന്ന വിവരം ഐ.ടി. വകുപ്പ് വിവിധ മാധ്യമങ്ങൾ വഴി അറിയിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | ഇലക്ട്രോണിക്സ് & വിവര സാങ്കേതികവിദ്യ (ബി) വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |

യു. പ്രതിഭ
ചെയർപേഴ്സൺ
സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും
കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും
ക്ഷേമം സംബന്ധിച്ച സമിതി.

തിരുവനന്തപുരം
2026 ജനുവരി 29.